# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 18 | ലക്കം 23 | പേജ് 6 | ഒക്ടോബർ 1-15

2 അന്ത്യോഖ്യയിൽനിന്ന് ദമാസ്ക്കസ് വഴി ബെയ്റൂട്ടിൽ അൾത്താരയിൽനിന്ന്

3 കാതോലിക്കേറ്റ് ശതാബ്ദിയും മംഗളം ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ഓർത്തഡോക്സ് യാക്കോബായ ലേഖനങ്ങളും

4 ധ്യാനപീഠം

5 മാർ തെയോഫിലോസ് കാലം മറക്കാത്ത ശ്രേഷ്ഠാചാര്യൻ

## ശതാബ്ദി ദിനത്തിൽ പ.കാതോലിക്കാ ബാവാ നിരണം വലിയപള്ളിയിൽ വി.കുർബ്ബാന അർപ്പിച്ചു

നിരണം : 1912 സെപ്റ്റംബർ 15ന് കാതോലിക്കാ വാഴ്ച നടന്ന നിരണം സെന്റ് മേരീസ് വലിയപള്ളിയിൽ പ.കാതോലിക്കാ ബാവാ വി.കുർബ്ബാന അർപ്പിച്ചു. 1912 സെപ്റ്റംബർ 15ന് ഈ പള്ളിയിൽവെച്ചാണ് പ.അബ്ദേദു മ്ശിഹാ പാത്രിയർക്കീസ് ബാവാ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസിനെ ബസ്സേലിയോസ് പൗലോസ് പ്രഥമൻ എന്ന പേരിൽ കാതോലിക്കാ ആയി വാഴിച്ചത്. അതുമുതലാണ് മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിതമായത്.

കാതോലിക്കേറ്റ് ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് പ.കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന വി.കുർബ്ബാനയ്ക്ക് ശേഷം നിരണത്ത് മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പ് സ്ഥാപിച്ചിട്ടുള്ള സ്മൃതി മണ്ഡപത്തിൽ പ.കാതോലിക്കാ ബാവായുടെയും നിരണം ഭദ്രാസന മെത്രാപ്പോലീത്താ ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസിന്റെയും നേതൃത്വത്തിൽ ധൂപപ്രാർത്ഥന നടത്തി. തുടർന്ന് നടന്ന പൊതുസമ്മേളനം പ.കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. സമ്മേളനവേദിയായ മാർത്തോമ്മൻ നഗറിലേക്ക് വൈദികരുടെയും വിശ്വാസികളുടെയും നേതൃത്വത്തിൽ റാലിയായാണ് പ.കാതോലിക്കാ ബാവായേയും വിശിഷ്ടാതിഥികളെയും സ്വീകരിച്ചത്.

സഭാമാനേജിംഗ് കമ്മിറ്റി അംഗങ്ങളായ ഫാ.കെ.വി.ജോൺ, ഫാ.വർഗീസ് മാത്യു, അഡ്വ.ബിജു ഉമ്മൻ, അലക്സ് മണപ്പുറം, ജോ ഇലഞ്ഞിമൂട്ടിൽ, വിനോദ് ഫിലിപ്പ്, ഭദ്രാസന കൗൺസിൽ അംഗങ്ങളായ ഫാ.ചെറിയാൻ ജേക്കബ്, പി.തോമസ് വർഗീസ്, പ്രദീപ് മാമ്മൻ മാത്യു, സുനിൽ കെ.ഈശോ, സജി മാമ്പ്രക്കുഴി, യുവജനപ്രസ്ഥാനം ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ.ജേക്കബ് എം.വർഗീസ്, സെക്രട്ടറി തോമസ് മണലേൽ, ഇടവക സെക്രട്ടറി റെജി കണിയാംകണ്ടത്തിൽ, ഐപ്പ് വർഗീസ്, സഞ്ചു തോമസ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി. സ്നേഹവിരുന്നോടെയാണ് ശതാബ്ദിദിനം നിരണംപള്ളിയിൽ സമാപിച്ചത്.

## വിദേശമേൽക്കോയ്മ ഇല്ലാത്ത ഭാരതത്തിലെ ദേശീയ സഭയാണ് ഓർത്തഡോക്സ് സഭയെന്ന് പ.കാതോലിക്കാ ബാവാ

മസ്ക്കറ്റ് : വിദേശമേൽക്കോയ്മ ഇല്ലാത്ത ഭാരതത്തിലെ ദേശീയ സഭയാണ് മലങ്കര ഓർത്തഡോക്സ് സഭയെന്ന് പ.കാതോലിക്കാ ബാവാ പറഞ്ഞു. മസ്കറ്റ് മാർ ഗ്രിഗോറിയോസ് ഇടവകയുടെ ആഭിമുഖ്യത്തിൽ നടന്ന കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുത്ത് പ്രസംഗിക്കുകയായിരുന്നു പ.കാതോലിക്കാ ബാവാ. പതിനാറ് പതിനേഴ് നൂറ്റാണ്ടുകളിൽ മലങ്കരയിൽ ഉണ്ടായ വിദേശ ഇടപെടലുകൾ മൂലം നഷ്ടമായ സ്വാതന്ത്ര്യം 1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തോടുകൂടി വീണ്ടെടുക്കുവാൻ സാധിച്ചു എന്ന് പ.കാതോലിക്കാ ബാവാ പറഞ്ഞു. മലങ്കര ഓർത്തഡോക്സ് സഭയുടെ സ്വാതന്ത്ര്യത്തിന്റെയും സ്വയം ശീർഷകത്വത്തിന്റെയും അഖണ്ഡതയുടെയും പ്രതീകമാണ് കാതോലിക്കേറ്റ് എന്നും പ.ബാവാ അഭിപ്രായപ്പെട്ടു.

കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് വിവിധ പരിപാടികളാണ് മസ്കറ്റ് ഇടവക ആവിഷ്ക്കരിച്ച് നടപ്പാക്കുന്നത്. ഇടവകയുടെ നാൽപതാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി 40 ക്യാൻസർ രോഗികൾക്ക് സഹായം നൽകുവാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. സഹായിക്കാൻ ആരുമില്ലാത്ത വയോധികരെ സംരംക്ഷിക്കുവാൻ പള്ളിവീട് പദ്ധതിയും സാന്ത്വന പരിചരണ പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്.

## മാർത്തോമ്മൻ പൈതൃക - സന്ദേശയാത്ര വിവിധ ഭദ്രാസനങ്ങളിലൂടെ

പത്തനംതിട്ട : കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായുള്ള സന്ദേശയാത്രയുടെ ഒരുക്കങ്ങൾ വിവിധ ഭദ്രാസനങ്ങളിൽ നടക്കുന്നു. സന്ദേശയാത്രയുടെ ആദ്യഘട്ടം ഒക്ടോബർ 20ന് തിരുവിതാംകോട്ടുനിന്ന് ആരംഭിച്ച് 28ന് നിരണത്ത് സമാപിക്കും. തിരുവനന്തപുരം, കൊല്ലം, കൊട്ടാരക്കര - പുനലൂർ, അടൂർ - കടമ്പനാട്, മാവേലിക്കര, ചെങ്ങന്നൂർ, തുമ്പമൺ, നിലയ്ക്കൽ, ഇടുക്കി, നിരണം എന്നീ ഭദ്രാസനങ്ങളിലൂടെയാണ് തെക്കൻ മേഖലാ സന്ദേശയാത്ര.

കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനും ഫാ.ഡോ.എം.ഒ. ജോൺ കൺവീനറുമായ കേന്ദ്രകമ്മിറ്റിയും ഓരോ ഭദ്രാസനത്തിലും ഭദ്രാസന സെക്രട്ടറി മാർ കൺവീനർമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും കൗൺസിൽ അംഗങ്ങളും ആത്മീയ സംഘടനാ പ്രതിനിധികളും ഉൾക്കൊള്ളുന്ന പ്രാദേശിക കമ്മിറ്റികളും സന്ദേശയാത്രയുടെ ക്രമീകരണങ്ങൾക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

തെക്കൻമേഖലാ സന്ദേശയാത്രയുടെ വഴിയും സമയവും

ഒക്ടോബർ 20 - തിരുവിതാംകോട്, തിരുവനന്തപുരം

ഒക്ടോബർ 21 - ആയൂർ, ചെറുവക്കൽ, ചെങ്കുളം, ചാത്തന്നൂർ, നല്ലില, കുണ്ടറ കൊല്ലം

(ശേഷം പേജ് 2-ൽ)

## കാതോലിക്കേറ്റ് ശതാബ്ദിയും മംഗളംദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ഓർത്തഡോക്സ് യാക്കോബായ ലേഖനങ്ങളും : ഫാ.ഡോ.എം.ഒ.ജോൺ

കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ പശ്ചാത്തലത്തിൽ സെപ്റ്റംബർ 15ന് മംഗളം ദിനപത്രത്തിൽ "മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ പ്രസക്തി" എന്ന പേരിൽ ഓർത്തഡോക്സ് സഭ വൈദികട്രസ്റ്റി ഫാ.ജോൺസ് ഏബ്രഹാം കോനാട്ട് എഴുതിയ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. ആ ലേഖനത്തോടുള്ള പ്രതികരണം എന്ന നിലയിൽ "മലങ്കരയിലെ കാതോലിക്കേറ്റ് സ്ഥാപനവും വൈരുദ്ധ്യങ്ങളും" എന്ന തലക്കെട്ടിൽ സെപ്റ്റംബർ 20ന് അതേ പത്രത്തിൽ യാക്കോബായ സെമിനാരിയിലെ ഫാ.പ്രിൻസ് പൗലോസിന്റെ ഒരു ലേഖനവും പ്രസിദ്ധീകരിച്ചു.

കഴിഞ്ഞ ഒരു നൂറ്റാണ്ടായി അതായത് കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിതമായ കാലം മുതൽ ആ കാതോലിക്കേറ്റിനെക്കുറിച്ച് മലങ്കരസഭയിലെ ഇരുവിഭാഗങ്ങളും നിലനിർത്തിപ്പോരുന്ന നിലപാടുകൾ ഇരുവിഭാഗവും ഇവിടെയും ആവർത്തിച്ചിരിക്കുന്നു എന്ന് രണ്ട് ലേഖനങ്ങളിൽനിന്നും മനസ്സിലാക്കാം. പേർഷ്യയിലെ പുരാതനമായ കാതോലിക്കാ സ്ഥാനത്തിനാണ് മലങ്കരയിൽ പുനർജീവൻ നൽകിയിരിക്കുന്നത് എന്നാണ് കോനാട്ട് അച്ചന്റെ ലേഖനത്തിലുള്ളത്. ലേഖനത്തിൽ എഴുതിയിരിക്കുന്നു "മലങ്കരസഭയുടെ ഭാവനയ്ക്ക് അനുയോജ്യമായ ഏതെങ്കിലും ഒരു നവീന സ്ഥാനം അല്ല സഭയുടെ തലവന് നൽകപ്പെട്ടത്. ഒരുകാലത്ത് മലങ്കരസഭയെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്തിരുന്ന പേർഷ്യൻ സഭയിൽ നിലനിന്നിരുന്ന കിഴക്കിന്റെ കാതോലിക്കാ എന്ന സ്ഥാനത്തിനാണ് മലങ്കരസഭ പുനർജീവൻ നൽകിയത്. പേർഷ്യൻ സഭയുടെ തലസ്ഥാനമായിരുന്ന സെലൂക്യ-ടെസിഫോണിലെ മെത്രാപ്പോലീത്തായ്ക്ക് നാലാം നൂറ്റാണ്ടോടെ ലഭിച്ച് ക്രമേണ ഉറപ്പായ സ്ഥാനനാമമാണിത്. അഞ്ചാം നൂറ്റാണ്ടിന്റെ അവസാനം പേർഷ്യൻസഭ നെസ്തോറിയൻ വിശ്വാസം സ്വീകരിക്കുകയും സഭയുടെ തലവൻ കാതോലിക്കാ എന്ന പേർ ഉപേക്ഷിക്കുകയും ചെയ്ത സാഹചര്യത്തിൽ അതേ പേർഷ്യൻസഭയുടെ ഭാഗമായി നൂറ്റാണ്ടുകൾ കഴിഞ്ഞിരുന്ന മലങ്കരസഭയുടെ തലവൻ പുരാതനമായ ആ സ്ഥാനനാമം സ്വീകരിക്കുന്നത് ഉചിതംതന്നെയല്ലേ". പേർഷ്യയിലെ കാതോലിക്കാ (ബാബിലോൺ പാത്രിയർക്കീസ്) ഇപ്പോഴും ജീവനോടെയുണ്ട്. അതു നിന്നുപോയിട്ടില്ല. അപ്പോൾ ആ സ്ഥാനം ഇവിടെ പുനർജീവിപ്പിക്കാൻ എങ്ങനെ സാധിക്കും. അതല്ല, പേർഷ്യയിലെ കാതോലിക്കാ നെസ്തോറിയൻ വിശ്വാസം സ്വീകരിച്ചപ്പോൾ അതിനു ബദലായി അവിടെ ഉണ്ടായ മഫ്രിയാനാ സ്ഥാനമാണ് മലങ്കരയിൽ പുനർജീവിപ്പിച്ചത് എന്നുപറയാൻ സാധിക്കുമോ. മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ചുകൊണ്ട് അബ്ദേദു മ്ശിഹാ പാത്രിയർക്കീസ് പുറപ്പെടുവിച്ച കല്പനയിൽ പറയുന്നത് ഇപ്രകാരമാണ്. "........നിങ്ങളുടെ അപേക്ഷാനുസരണം നമ്മുടെ ആത്മീക വാത്സല്യവാനായ ഈവാനിയോസിനെ ബസേലിയോസ് എന്ന നാമധേയത്തിൽ മഫ്രിയാനായായി കിഴക്കിന്റെയും അതായത് ഇന്ത്യയിലും മറ്റുമുള്ള മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്റെ കാതോലിക്കാ ആയി നാം പട്ടംകൊടുത്തിരിക്കുന്നു......" കാതോലിക്കാ വാഴ്ചയ്ക്കു ശേഷം അബ്ദേദു മ്ശിഹാ പാത്രിയർക്കീസ് അത് സംബന്ധിച്ച് രണ്ട് കല്പനകൾ പുറപ്പെടുവിച്ചു. "അബ്ദുൾ മ്ശിഹാ ഇറക്കി എന്നു പറപ്പെടുന്ന കല്പനയിൽ ഒരിടത്തുപോലും പേർഷ്യയിലെ കാതോലിക്കേറ്റ് മലങ്കരയിക്കേ് മാറ്റി സ്ഥാപിച്ചതായി പറയുന്നില്ല" എന്ന ഫാ.പ്രിൻസ് പൗലോസിന്റെ നിഗമനം ശരിയാണ്. വാസ്തവത്തിൽ പേർഷ്യയിലെ കാതോലിക്കാ സ്ഥാനം മലങ്കരയിൽ പുനർജീവിപ്പിച്ച് അല്ലെങ്കിൽ പുനസ്ഥാപിച്ചു എന്നു പറയുന്ന നിലപാട് ഇപ്പോൾ മലങ്കരസഭ വച്ചുപുലർത്തേണ്ട ഒരാവശ്യവുമില്ല. അത് മലങ്കരയിൽ നിലനിന്നിരുന്ന കോടതിവ്യവഹാരങ്ങളുടെ പശ്ചാത്തലത്തിൽ സ്വീകരിച്ച ഒരു നിലപാടാണ്. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന

(ശേഷം പേജ് 3-ൽ)

മലങ്കരസഭ മാർത്തോമ്മാശ്ലീഹായുടെ പൈതൃകവും പിന്തുടർച്ചയുമുള്ള സഭയാണ്. മറ്റേത് പുരാതനസഭയിലുമുണ്ടായതുപോലെ സഭയുടെ ആത്മീയ അധികാരസ്ഥാനങ്ങളുടെ ക്രമാനുഗതമായ വളർച്ചയായി 1912-ലെ കാതോലിക്കാ സ്ഥാപനത്തെ കാണണം. അത് സ്വതന്ത്രമാണ്. പരമോന്നതമാണ്. പരമാധികാരമുള്ള സ്ഥാനമാണ്.

കാതോലിക്കാസ്ഥാനത്തിന്റെ പൂർണ്ണ അധികാരവാകാശങ്ങൾ ഉൾക്കൊള്ളേണ്ട നിലയിൽ സഭയുടെ ആരാധനക്രമങ്ങളിലും ഭരണഘടനയിലും കാനോനുകളിലും ആവശ്യമായ ഭേദഗതികൾ വരുത്തി മലങ്കരയിലെ കാതോലിക്കാ സ്ഥാനത്തിന്റെ അധികാരവകാശങ്ങളെ പുനർനിർണ്ണയിച്ച് മുന്നേറാനാണ് ശതാബ്ദി ആഘോഷിക്കുന്ന കാതോലിക്കേറ്റിന് സാധിക്കേണ്ടത്. അതല്ലാതെ കാതോലിക്കാ സ്ഥാനം പേർഷ്യയിലേതിന്റെയും അന്ത്യോഖ്യയിലേതിന്റെയും ഒക്കെ പിന്തുടർച്ചയാണെന്നും കാതോലിക്കാ പാത്രിയർക്കീസിന്റെ കീഴ്സ്ഥാനിയാണെന്നും ഒക്കെ വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരിക്കുന്നത് നമ്മുടെ ഇരുകൂട്ടരുടെയും പാരതന്ത്ര്യമനസ്ഥിതിക്ക് മാറ്റംവരാത്തതുകൊണ്ട് മാത്രമാണ്.

# അന്ത്യോഖ്യയിൽനിന്ന് ദമാസ്ക്കസ് വഴി ബെയ്റൂട്ടിൽ അൾത്താരയിൽനിന്ന്

**മാധ്യമ ദീപം**

ഫാ.സി.ഡി.തോമസ്
വടകോട്

വി.കുർബ്ബാനയെ അവഗണിക്കുന്ന കുടുംബവും സന്യാസ പൗരോഹിത്യജീവിതവും ചരടുപൊട്ടിയ പട്ടംപോലെയാണെന്ന് ശാലോം ടൈംസ് മാസികയുടെ സെപ്റ്റംബർ ലക്കത്തിൽ റവ.ഡോ.തോമസ് കോഴിമല എഴുതുന്നു. അൾത്താരയിൽനിന്നും അടുക്കളയിലേക്കും പാടത്തേക്കും പാഠശാലയിലേക്കും ആശുപത്രിയിലേക്കും വി.കുർബ്ബാനയുടെ ശക്തി കടന്നുചെല്ലണമെന്ന് തുടർന്നു പറയുന്നു.

നമ്മളോട് മറ്റുള്ളവർ എങ്ങനെ പെരുമാറണം എന്നതിനെക്കുറിച്ചുള്ള വ്യക്തമായ ധാരണ നമുക്കുണ്ടായിരിക്കാം. എന്നാൽ മറ്റുള്ളവരോട് എപ്രകാരം നന്നായി പെരുമാറണം എന്നതിനെക്കുറിച്ചുള്ള ചിന്ത നമ്മളിൽ തീരെ ഇല്ലാതെയും വരാം. ഇങ്ങനെയുമുണ്ടോ ഒരു പാപം എന്ന ലേഖനത്തിൽ സ്റ്റെല്ലാ ബെന്നിയാണ് ഇപ്രകാരം അഭിപ്രായപ്പെടുന്നത്.

### വിലക്കയറ്റ വളർച്ച

മലയാളത്തിന്റെ പ്രിയ എഴുത്തുകാരെയെല്ലാം അണിനിരത്തിയാണ് ആശ്രയ മാതൃനാട് മാസിക കഴിഞ്ഞലക്കം പുറത്തിറങ്ങിയിരിക്കുന്നത്. കവിതകൾ, കഥകൾ, നോവലുകൾ, കാർട്ടൂണുകൾ, നർമ്മം, സാഹിത്യവിചാരണ എന്നിവയെല്ലാമുണ്ട്. വിലക്കയറ്റത്തിനും അക്രമത്തിനും എതിരെ ജാഗ്രത എന്നതാണ് എഡിറ്റോറിയൽ. വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന ഒരു സമൂഹമായി നാം വളരുകയാണോ? അതോ തളരുകയാണോ? നിത്യോപയോഗസാധനങ്ങളുടെയും കറന്റിന്റെയും വെള്ളത്തിന്റെയും മരുന്നുകളുടെയും അരിയുടെയും പയറിന്റെയും പച്ചക്കറിയുടെയും മത്സ്യത്തിന്റെയുമെല്ലാം വില കുതിച്ചുകയറുമ്പോൾ ജീവിതം ദുസ്സഹമായിക്കൊണ്ടിരിക്കുന്നുവെന്നതിൽ പരിതപിക്കുന്നു. പാൽ, പെട്രോൾ, ഡീസൽ തുടങ്ങിയവ എഡിറ്റർ വിട്ടുപോയിരിക്കുന്നു. കിളിരൂർ രാധാകൃഷ്ണൻ എഴുതുന്ന ദേ പോയി ദാ വന്നു എന്ന ലേഖനം പരസ്യങ്ങളുടെ മാസ്മരികതയും ദോഷവശങ്ങളും ചൂണ്ടിക്കാണിക്കുന്നു.

### സ്വപ്നപദ്ധതി

എമർജിംഗ് കേരള ഉമ്മൻ ചാണ്ടി സർക്കാരിന്റെ സ്വപ്നപദ്ധതി എന്നു വിശേഷിപ്പിക്കുന്നു (കാലാദീപം മാസിക). ലോകത്തിനു മുന്നിൽ കേരളത്തെ ഒരു മികച്ച ബ്രാന്റായി അവതരിപ്പിക്കുകയാണ് എമർജിംഗ് കേരള എന്ന പദ്ധതി. എന്നാൽ നിക്ഷേപ സംഗമത്തെ ചൊല്ലി പല കോണുകളിൽനിന്നും സംശയം ഉയർന്നുവരികയും ചെയ്യുന്നു. നിക്ഷേപ സൗഹാർദ്ദ നാടാണ് കേരളം എന്ന് വിളംബരം ചെയ്ത് സംസ്ഥാനത്തിന്റെ സാധ്യതകളും അവസരങ്ങളും എമർജിംഗ് കേരളയിലൂടെ അവതരിപ്പിക്കപ്പെടുകയാണ് ചെയ്തത്. പെണ്ണുകാണൽ കഴിഞ്ഞു ഇനി കല്യാണം നടക്കുമോ എന്നാണറിയേണ്ടത്.

മനുഷ്യനും മതവും പ്രപഞ്ചവും എന്ന അലക്സ് ജോണിന്റെ ലേഖനം പഠനാർഹമാണ്. ഒന്ന്, പൂജ്യം എന്നീ രണ്ട് അക്കങ്ങളുടെ പ്രസക്തി ഭൗതികത്തിലും പ്രധാനമാണ്. ഈ രണ്ടക്കങ്ങൾകൊണ്ടുള്ള കളിയാണല്ലോ കമ്പ്യൂട്ടർ നടത്തുന്നത്. അതുകൊണ്ടാണ് ഇന്ന് മനുഷ്യൻ അവന്റെ എല്ലാ കാര്യങ്ങളും നിർവ്വഹിക്കുന്നത്. എ.ഡി.2000-ലെ രണ്ടക്കങ്ങൾ പൂജ്യമായിരുന്നതിനാൽ കമ്പ്യൂട്ടർ പ്രവർത്തനത്തെ എല്ലാം തകിടം മറിച്ച വൈ.ടു.കെ. പ്രശ്നമുണ്ടായി. ബാങ്കുകളുടെ പ്രവർത്തനം സ്തംഭിക്കുമെന്ന ആഗോള പ്രശ്നം വന്നു. അമേരിക്ക പഠിച്ച പണിയെല്ലാം നോക്കിയിട്ടും വൈടു.കെ. പ്രശ്നം പരിഹരിച്ചില്ല. ഇന്ത്യയിലെ വേദിക് മാത്തമാറ്റിക്സ് ഉപയോഗിച്ചാണ് പരിഹാരം കണ്ടത്.

### 3 ശതമാനം പേർ 97 ശതമാനത്തെ തിന്നുന്നു

പങ്കാളിത്ത പെൻഷൻ മാത്രമാണ് ഒരു പോംവഴി എന്നതാണ് തദ്ദേവൂസിന്റെ പ്രധാന ഹെഡ്ഡിംഗ്. കേരളത്തിൽ അഞ്ച് ലക്ഷത്തോളം വരുന്ന ഉദ്യോഗസ്ഥരും അഞ്ചര ലക്ഷത്തോളം വരുന്ന പെൻഷൻ ജീവനക്കാരും മറ്റ് രാഷ്ട്രീയനേതാക്കന്മാരും ചേർന്നാൽ ഏകദേശം 3 ശതമാനം ആളുകൾ കേരളത്തിന്റെ 97 ശതമാനത്തോളം തിന്നുമുടിക്കുകയാണ്. മൂന്നുശതമാനം വരുന്ന കേരള ഉദ്യോഗ-പെൻഷൻ ജീവനക്കാർക്കുവേണ്ടി ബാക്കി 97 ശതമാനം വരുന്ന ജനങ്ങൾ വലിയ ത്യാഗമാണ് അനുഷ്ഠിക്കുന്നത്. ഇത് എത്രനാൾ തുടരാൻ കഴിയും.

ആതുരസേവനത്തിന്റെ പേരിലുള്ള കച്ച(ക)പടവും അടിമപ്പണിയും അവസാനിപ്പിക്കുക എന്നതാണ് മറ്റൊരു വാർത്ത. അതിന് ശക്തമായ നിയമം കൊണ്ടുവരണം. ക്രിസ്തീയ സമൂഹങ്ങൾ മാതൃക കാട്ടണം. സ്ക്കൂൾ, കോളജുകൾ, മെഡിക്കൽ മിഷൻ ആശുപത്രികൾ, മെഡിക്കൽ കോളജുകൾ, അഗതിമന്ദിരങ്ങൾ തുടങ്ങിയവ ആരംഭിക്കുന്നത് ആതുര സേവനത്തിന്റെ പേരിലും ക്രിസ്തീയ സാക്ഷ്യത്തിനും വേണ്ടിയാണെന്ന് വീമ്പിളക്കിയാണ് അംഗീകാരം നേടുന്നത്. എന്നാൽ കച്ചവടക്കണ്ണുകളോടെ ലാഭക്കൊയ്ത്തിനു വേണ്ടി ഇപ്രകാരമുള്ള സ്ഥാപനങ്ങൾ അധപതിക്കുമ്പോൾ അതിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ നീതി നിഷേധിക്കപ്പെടുന്നു. അവർ അടിമപ്പണി ചെയ്യുന്നു. കേരളത്തിലെ പ്രൈവറ്റ് സ്ക്കൂളുകളിലും കോളജുകളിലും നടക്കുന്ന തട്ടിപ്പ് തികച്ചും ലജ്ജാകരമാണ്. എം.എ., ബി.എഡ്. ഉള്ള അദ്ധ്യാപികമാർക്കും മറ്റും കൊടുക്കുന്ന ശമ്പളം 3500 രൂപയും നാലായിരം രൂപയുമൊക്കെയാണ്. എന്നാൽ അവർ വൗച്ചറിൽ ഒപ്പിട്ടുകൊടുക്കുന്നത് പതിനയ്യായിരം രൂപയും അതിനു മുകളിലുമാണ്. ഈ സാമൂഹ്യതിന്മയും അനീതിയും അവസാനിപ്പിക്കാൻ ഗവൺമെന്റ് ശക്തമായ നടപടി എടുക്കുമെന്ന് കരുതുന്നു.

ഉപരിപ്ലവമായ ആദർശങ്ങൾ വ്യക്തിത്വത്തിനും പുരോഗതിക്കും നാശം എന്നതാണ് എഡിറ്റോറിയൽ. ആഗോള സുറിയാനി സഭയുടെ ആസ്ഥാനം ഡമാസ്ക്കസിൽനിന്ന് മാറ്റുന്നു എന്ന വാർത്തയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ ആസ്ഥാനം അന്ത്യോഖ്യാ അല്ലെന്ന് അറിയുന്നവർ കുറവാണ്. എന്നേ അത് സിറിയായിലെ ഡമാസ്ക്കസ് ആണ്. അന്ത്യോഖ്യയിൽവെച്ചാണ് ക്രിസ്ത്യാനികൾക്ക് ആ പേര് ആദ്യം ലഭിച്ചത് (അപ്പോ.11:26). എന്നാൽ വിരലിലെണ്ണാവുന്ന ക്രിസ്ത്യാനികളെ ഇന്ന് അവിടെ ഉള്ളു. ഡമാസ്ക്കസിലെ ആസ്ഥാനവും ഇപ്പോൾ സിറിയയിലെ ആഭ്യന്തര പ്രശ്നങ്ങൾ മൂലം ലബനനിലെ ബെയ്റൂട്ടിലേക്ക് മാറ്റിയിരിക്കുകയാണ്. പണ്ടുമുതലെ മാറിക്കൊണ്ടിരിക്കുന്ന ആ സഭയുടെ ആസ്ഥാനം ഇനിയും മാറിക്കൊണ്ടിരിക്കും.

വിശ്വാസപംക്തിയിലെ യേശുക്രിസ്തു ആരാകുന്നു എന്ന ലേഖനം പഠനാർഹമാണ്. പ്രാർത്ഥന ശക്തിയുള്ളത് എന്ന ദാനിയേൽ പന്തളത്തിന്റെ കുറിപ്പും ശക്തിയുള്ളതുതന്നെ. എത്യോപ്യൻ ഓർത്തഡോക്സ് സഭാ പാത്രിയർക്കീസ് ആബൂന പൗലോസ് കാലം ചെയ്ത വാർത്തയും അദ്ദേഹത്തെക്കുറിച്ചുള്ള വിശദമായ കുറിപ്പും ഉണ്ട്. എത്യോപ്യയിൽ രാജഭരണം അവസാനിച്ച് കമ്മ്യൂണിസ്റ്റ് ഭരണം നടന്ന കാലത്ത് മെത്രാപ്പോലീത്താ ആയിരുന്ന ഇദ്ദേഹം ഏഴു വർഷത്തോളം കമ്മ്യൂണിസ്റ്റ് തടവറയിലായിരുന്നു. ഇരുപത് വർഷങ്ങൾക്കു മുമ്പ് നാലുകോടിയിലധികം ഓർത്തഡോക്സ് വിശ്വാസികളും മൂന്നുലക്ഷത്തിൽപരം സന്യാസി വൈദികരും ഒരുലക്ഷത്തോളം വിവാഹിത വൈദികരും ഉൾപ്പെട്ടിരുന്ന ഈ സഭയുടെ ഇന്നത്തെ അവസ്ഥ ശോചനീയമാണ്.

### യമരാജാവ് വരുന്നു

നാഷണൽ റൂറൽ മിഷന്റെ കൊല്ലം വാർത്താ പത്രികയായ ദർപ്പണത്തിൽ ഡോ. കെ.സലിലയുടെ ഉദ്ധിഷ്ഠതാ ജാഗ്രത എന്ന ലേഖനം ജില്ലാ മെഡിക്കൽ ആഫീസർ ആയ അവർ ആരോഗ്യരംഗത്ത് കേരളത്തിന്റെ നേട്ടങ്ങളും അതോടൊപ്പം കോട്ടങ്ങളും എടുത്തുകാട്ടുന്നു. ഉന്മൂലനം ചെയ്ത് എന്ന് കരുതിയ രോഗങ്ങൾ തിരിച്ചുവരുന്നു. പുതിയ രോഗങ്ങൾ പ്രത്യക്ഷപ്പെടുന്നു. പ്രമേഹം, ക്യാൻസർ തുടങ്ങിയ പകർച്ചേതര വ്യാധികൾ വർദ്ധിച്ചുവരുന്നു. ലേഖനം അവസാനിക്കുന്ന രണ്ട് വാചകങ്ങൾ ശ്രദ്ധേയമാണ്. മാലിന്യം അയൽക്കാരന്റെ വീട്ടുവളപ്പിൽ കിടന്നാലും ചീഞ്ഞ് ദുർഗന്ധം വമിക്കുമെന്ന് അറിയാതെയല്ലല്ലോ നാം അവിടേക്ക് വലിച്ചെറിയുന്നത്. വെള്ളം കെട്ടിക്കിടന്നാൽ കൊതുക് പെരുകും എന്ന് അറിയാതെയല്ലല്ലോ നാം വെള്ളം കെട്ടിനിൽക്കാതിരിക്കുവാൻ ശ്രമിക്കാത്തത്. അറിവുകളെ വിസ്മരിച്ച് അറിവില്ലാത്തവരായി ഇനിയും എത്രനാൾ നമുക്ക് മുന്നോട്ട് പോകാൻ കഴിയും? നമുക്കുംവേണം ശുചിത്വ സംസ്ക്കാരം എന്ന ലേഖനം മലയാളിയുടെ കപട ശുചിത്വത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ്.

### തദ്ദേശീയവൽക്കരണം

ഭാരത വൽക്കരിച്ച യേശുക്രിസ്തുവിന്റെ മുഖ ചിത്രത്തോടെയാണ് കാരുണികൻ മാസിക ഇറങ്ങിയിരിക്കുന്നത്. താമരയുടെ മുകളിൽ ചമ്രം പടിഞ്ഞിരുന്ന് വലതുകൈപ്പത്തി മുകളിലേക്കും ഇടതുകൈപ്പത്തി താഴേക്കും പിടിച്ച് ഇരിക്കുന്ന മനോഹര ചിത്രം. ദൈവവിചാരം മാതൃഭാഷയിൽ എന്നതാണ് ഇത്തവണത്തെ പ്രമേയം. വിത്ത് മണ്ണിൽ വീണ് വേരുപിടിച്ച് മരമാകുന്നതുപോലെ വചനം മാംസമായി യേശുക്രിസ്തുവായിത്തീർന്നതുപോലെ സംഭവിക്കേണ്ടതാണ് ദൈവശാസ്ത്ര രൂപീകരണവും. വചനമാകുന്ന വിത്ത് വീഴേണ്ട മണ്ണും മാംസവും ഓരോ പ്രദേശത്തെയും ജനജീവിതവും അവരുടെ മാതൃഭാഷയും ജീവിത പരിസരവുമാണ്.

യേശുവിന്റെ ദൈവശാസ്ത്രരീതി, ദൈവമേ എന്നുവിളിക്കുമ്പോഴുള്ള ആശ്വാസം, ദൈവശാസ്ത്രം, മാതൃഭാഷയിൽ ദൈവശാസ്ത്രാഖ്യാനത്തിന്റെ ജീവിത പരിസരം തുടങ്ങിയ നല്ല ലേഖനങ്ങളുമുണ്ട്. ഡോ.റോസി തമ്പി എഴുതുന്നു വിശ്വാസവും ദൈവവിചാരവും മാതൃഭാഷയിൽ ആകുന്നതിന്റെ സൗന്ദര്യവും സുഖവും മറ്റൊരു ഭാഷയ്ക്കും നൽകാനാവുന്നില്ല. ക്രൈസ്തവ ആത്മീയ വിചാരങ്ങൾ മലയാളഭാഷയിൽ ഉണ്ടാകണം. ദൈവമേ എന്നു വിളിക്കുമ്പോഴുണ്ടാകുന്ന ആശ്വാസവും ആനന്ദവും ഓ മൈ ഗോഡ് എന്ന് പറയുമ്പോൾ മലയാളിക്ക് എങ്ങനെ കിട്ടും. ഇതുതന്നെയാണ് ദൈവശാസ്ത്രം മാതൃഭാഷയിൽ പഠിക്കുന്നതിന്റെ പ്രസക്തി. ഒരു മനുഷ്യൻ ജനിച്ചുവീഴുകയും വളരുകയും ചെയ്യുന്ന മണ്ണാണ് അവന്റെ ജീവിതവും ദൈവവും. അപ്പം നേടാൻവേണ്ടി ഓരോ കാലത്തും ശക്തന്റെ ആശ്രിതത്വം നിസഹായരായ ജനവിഭാഗം അംഗീകരിച്ചുപോരുന്നു. ഡോ.മാത്യു ഇല്ലത്തുപറമ്പിൽ എഴുതുന്നു മനുഷ്യാവതാരം ഏറ്റവും വലിയ ദൈവഭാഷണമായിരുന്നു. അതുപോലെ ഓരോ മനുഷ്യനും ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിന്റെ ഭാഗമായി മാറുന്നുണ്ട്. ടാഗോർ എഴുതി പിറന്നുവീഴുന്ന ഓരോ കുഞ്ഞും ലോകത്തോട് പറയുന്നു ദൈവം മനുഷ്യകുലത്തെക്കൊണ്ട് മടുത്തിട്ടില്ല. ഇതിലും ഉപരിയായ ദൈവഭാഷണമാണ് മനുഷ്യൻ. ദൈവത്തിന്റെ ഛായപേറുന്നവനാണ് മനുഷ്യൻ (ഉല്പ.1:27). എമേർജിംഗ് ലീഡർ എന്ന ഉമ്മൻ ചാണ്ടിയെക്കുറിച്ചുള്ള അന്ത്യവിധിയോടെയാണ് മാസിക സമാപിക്കുന്നത്.

### (അ)ശുചിത്വബോധം

എൻജിനീയറിംഗ് കോളജുകളിൽ സീറ്റ് അധികം വരുന്നതിനെക്കുറിച്ചാണ് കേരളശബ്ദത്തിലെ എഡിറ്റോറിയൽ (സെപ്റ്റംബർ 16 ലക്കം). എൻജിനീയറിംഗ് കോളജുകളുടെ എണ്ണം വളരെ വർദ്ധിച്ചു. എൻജിനീയറിംഗ് പഠിക്കണമെന്ന് ആഗ്രഹിക്കുന്നവർക്കെല്ലാം പ്രവേശനം ലഭിക്കുമെന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിക്കൊണ്ടിരിക്കുകയാണ്. മിനിമം മാർക്കിന്റെ കാര്യത്തിൽ വലിയ അയവ് വരുത്താത്തത് എൻജിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ മാനദണ്ഡം ഇടിയാതിരിക്കാനാണ്. സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതുകൊണ്ട് പ്രവേശനത്തിനുള്ള മാനദണ്ഡം വലിച്ചുതാഴ്ത്തുന്നത് ശരിയായിരിക്കുകയില്ല. ഗുരു-ശിഷ്യ വിവാദത്തിലെ നെല്ലും പതിരും എന്ന പംക്തിയിൽ ശിവഗിരി മഠത്തിലെ സച്ചിദാനന്ദസ്വാമി ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് സവിസ്തരം എഴുതിയിട്ടുണ്ട്. പ്രഭാതസവാരിക്കാരുടെ ചവർബോംബ് വലിച്ചെറിയൽ എന്നതാണ് കണ്ടതും കേട്ടതും പംക്തിയിൽ. ആരാന്റെ പുരയിടത്തിലോ വീടിൻമുന്നിലോ ചവർ വലിച്ചെറിഞ്ഞാൽ തങ്ങൾക്കെന്തെന്ന ചിന്താഗതി നഗരവാസികൾക്കിടയിൽ കൂടിവരികയാണ്.

### കാതോലിക്കേറ്റ്

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രമായ ബഥേൽ പത്രിക കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുമായി ബന്ധപ്പെട്ട ലേഖനങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്നു. കവർപേജിൽ മാർത്തോമ്മാശ്ലീഹാ കർത്താവിന്റെവിലാപ്പുറത്ത് സ്പർശിക്കുന്ന ചിത്രവും കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിച്ച അബ്ദേദുമ്ശിഹാ പാത്രിയർക്കീസിന്റെയും അതിനു മുൻകൈ എടുത്ത പ.വട്ടശ്ശേരിൽ തിരുമേനിയുടെ ചിത്രങ്ങളും കൂടാതെ മുറിമറ്റത്തിൽ ബാവാ മുതൽ ഇന്നുവരെയുള്ള എല്ലാ കാതോലിക്കാ ബാവാമാരുടെ ചിത്രങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ചരിത്രമുഹൂർത്തത്തിൽ എന്നതാണ് എഡിറ്റോറിയൽ. കാതോലിക്കേറ്റിന്റെ കാവൽഭടന്മാരായി തീരാം എന്നതാണ് ഇടയപത്രിക. നമ്മുടെ പിതാക്കന്മാർ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിച്ച കാതോലിക്കേറ്റിന്റെ അന്തസത്തയും ആഭിജാത്യവും ഒളിമങ്ങാതെ കാത്തുസൂക്ഷിക്കുവാൻ നമുക്ക് കഴിയണമെന്ന് അതിൽ ആഹ്വാനം ചെയ്യുന്നു.

## സന്ദേശയാത്ര....പേജ് 1-ൽനിന്ന്

ഒക്ടോബർ 22 - തേവലക്കര, കല്ലട, ശാസ്താംകോട്ട, ശൂരനാട്, പുത്തൂർ, കലയപുരം, കൊട്ടാരക്കര, ചെങ്ങമനാട്, ഇളമ്പൽ, പുനലൂർ

ഒക്ടോബർ 23 - പത്തനാപുരം, അടൂർ, കടമ്പനാട്, കരുവാറ്റ, കറ്റാനം, കായംകുളം, ചേപ്പാട്

ഒക്ടോബർ 24 - ഹരിപ്പാട്, കാർത്തികപ്പള്ളി, പള്ളിപ്പാട്, പത്തിച്ചിറ, മാവേലിക്കര, പന്തളം, കുളനട, ചെങ്ങന്നൂർ, പുത്തൻകാവ്,

ഒക്ടോബർ 25 - തുമ്പമൺ, കൈപ്പട്ടൂർ, ഓമല്ലൂർ, മുള്ളനിക്കാട്, ചന്ദനപ്പള്ളി, മല്ലശ്ശേരി, കോന്നി, കുമ്പഴ, പത്തനംതിട്ട.

ഒക്ടോബർ 26 - കോഴഞ്ചേരി, പീരുമേട്, കട്ടപ്പന, എരുമേലി, നിലയ്ക്കൽ

ഒക്ടോബർ 27 - നിലയ്ക്കൽ, റാന്നി, വെണ്ണിക്കുളം, മല്ലപ്പള്ളി,

ഒക്ടോബർ 28 - പനയമ്പാല, തിരുവല്ല, പരുമല നിരണം സമാപനം

വടക്കൻ മേഖലാ സന്ദേശയാത്ര നവംബർ നാലാം തീയതി മാർത്തോമ്മാശ്ലീഹായുടെ കബറിടം സ്ഥിതിചെയ്യുന്ന മൈലാപ്പൂരിൽനിന്ന് ആരംഭിച്ച് അഞ്ചാം തീയതി ബാംഗ്ലൂരിലും ആറാം തീയതി മൈസൂറിലും അവിടെനിന്ന് ഏഴാംതീയതി മംഗലാപുരത്തും എത്തിച്ചേരും.

നവം.8 - കണ്ണൂർ, കേളകം, മാനന്തവാടി, ബത്തേരി നവം.9 - പുതുപ്പാടി, കോഴിക്കോട്, നിലമ്പൂർ നവം.10- കുന്നംകുളം, തൃശൂർ, കൊരട്ടി നവം.11 - കൊരട്ടി, കൊച്ചി നവം.12- അങ്കമാലി, നവം.13- കണ്ടനാട് ഈസ്റ്റ്, കണ്ടനാട് വെസ്റ്റ് നവം.14- കോട്ടയം

## കാതോലിക്കേറ്റ് ശതാബ്ദിയും മംഗളംദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ഓർത്തഡോക്സ് യാക്കോബായ ലേഖനങ്ങളും....പേജ് 1-ൽനിന്ന്

ആ നിലപാട് പുനപരിശോധിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നാണ് എന്റെ അഭിപ്രായം. പേർഷ്യൻസഭ മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകം ഉൾക്കൊള്ളുന്ന ഒരു പുരാതന സഭയാണ്. അവിടെ മൂന്നാം നൂറ്റാണ്ടിൽ കാതോലിക്കാ സ്ഥാപനം ഉണ്ടായി. കാതോലിക്കായുടെ അധികാര അവകാശങ്ങളെല്ലാം പേർഷ്യൻ സഭാസുന്നഹദോസുകൾ നിർണ്ണയിച്ച് നിശ്ചയിച്ചിട്ടുണ്ട്. അതേ സ്ഥാനബഹുമാനാദരവുകളും അധികാരാവകാശങ്ങളും ഉള്ള ഒരു സ്ഥാനം 1912 -ൽ മലങ്കരയിൽ ഉണ്ടായി എന്നു പറയുന്നതിന് അല്പംപോലും അഭിമാനക്കുറവ് തോന്നേണ്ട കാര്യമില്ല. ഓർത്തഡോക്സ് സഭകളിലെല്ലാം സ്വതന്ത്രമായ പാത്രിയർക്കാ സ്ഥാനങ്ങളുണ്ടായപ്പോൾ ഇതുതന്നെയാണ് സംഭവിച്ചത്. അതല്ലാതെ അതൊക്കെ എവിടെയെങ്കിലുമൊക്കെ ഉണ്ടായിരുന്നതിന്റെ പുനർജ്ജീവനമല്ല.

കോനാട്ടച്ചന്റെ ലേഖനത്തെ വിമർശിച്ചുകൊണ്ട് പ്രിൻസ് പൗലോസ് അച്ചൻ എഴുതിയിരിക്കുന്ന ലേഖനത്തിൽ പല അബദ്ധങ്ങളും കടന്നുകൂടിയിട്ടുണ്ട്. പല നിലപാടുകളും വാദഗതികളും നിലവാരം കുറഞ്ഞവയും ബാലിശവും ആണ്. മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിച്ച അബ്ദേദു മ്ശിഹാ സ്ഥാനഭ്രഷ്ടനാക്കപ്പെട്ട പാത്രിയർക്കീസ് ആണെന്ന നിലപാടാണ് പാത്രിയർക്കീസ് വിഭാഗം ആദ്യംമുതലെ സ്വീകരിച്ചിട്ടുള്ളത്. അതിനെക്കുറിച്ച് പലതലങ്ങളിലും ചർച്ചകളും വളരെ വർഷങ്ങൾ കോടതിവ്യവഹാരങ്ങളും നടന്നിട്ടുണ്ട്. 1958-ൽ സുപ്രീംകോടതിവിധിയിലൂടെ അതിന് തീരുമാനമായി. പ.അന്ത്യോഖ്യാ പാത്രിയർക്കീസ് ആ വിധി അംഗീകരിച്ച് സഭയിൽ സമാധാനമുണ്ടാവുകയും ചെയ്തു. അതിനുശേഷവും കാതോലിക്കേറ്റിന്റെ സാധുതയെക്കുറിച്ചും അബ്ദേദു മ്ശിഹായുടെ സ്ഥാനത്തെക്കുറിച്ചും അദ്ദേഹം സ്വീകരിച്ച നിലപാടുകളെക്കുറിച്ചും ചെയ്ത നടപടികളെക്കുറിച്ചും വീണ്ടും തർക്കം ഉന്നയിച്ചുകൊണ്ടിരിക്കുന്നത് ബാലിശമാണ്. അതുപോലെ കണ്ടനാട് അത്താനാസിയോസ് മെത്രാച്ചനും അമേരിക്കയിലെ നിക്കോളാവോസ് മെത്രാച്ചനും എഴുതിയിരിക്കുന്ന കാര്യത്തിൽ വസ്തുതാവിരുദ്ധമായിട്ടൊന്നുമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അതിന്റെ പേരിൽ അവരെ വിമർശിക്കേണ്ട കാര്യവുമില്ല. അവരുടെ നിലപാടുകൾ കാതോലിക്കേറ്റിന്റെ സാധുതയെയും പ്രാധാന്യത്തെയും കുറച്ചുകാണിക്കുന്നുമില്ല. മുമ്പെന്തെങ്കിലും വ്യത്യസ്ത നിലപാടുകൾ ഉണ്ടായിരുന്നുവെങ്കിൽ അതിൽ മാറ്റം വന്നതുകൊണ്ടായിരിക്കുമല്ലോ അവർ ഓർത്തഡോക്സ് നിലപാടു സ്വീകരിച്ചതും കക്ഷിമാറിയതും.

വ്യക്തിപരമായ ഒളിയമ്പുകൾ എയ്ത് വ്യക്തിഹത്യ നടത്തുന്ന പ്രവർത്തിയിൽനിന്നൊക്കെ പിന്മാറി ചരിത്രസംഭവങ്ങളെ വസ്തുനിഷ്ഠമായി അവലോകനം ചെയ്ത് നിഗമനങ്ങളിലെത്തിച്ചേരാനാണ് ഉന്നത പാണ്ഡിത്യനിലവാരം പുലർത്തുന്നവരെന്ന് സമൂഹം ഗണിക്കുന്ന സെമിനാരി അദ്ധ്യാപകരൊക്കെ ചെയ്യേണ്ടത്. എന്നാൽ പ്രിൻസ് അച്ചൻ എഴുതിയിരിക്കുന്ന ലേഖനത്തിൽ വലിയ ഒരു തെറ്റ് കടന്നുകൂടിയിട്ടുണ്ട്. അത് നിഖ്യാ സുന്നഹദോസ് തീരുമാനത്തെക്കുറിച്ച് അച്ചൻ നടത്തിയിരിക്കുന്ന പരാമർശനമാണ്. "എ.ഡി. 325-ലെ നിഖ്യാ സുന്നഹദോസിൽ പേർഷ്യയുടെ തലസ്ഥാനമായ സെലൂഷ്യയിലെ മെത്രാപ്പോലീത്തായ്ക്ക് ചില പ്രത്യേക അധികാരങ്ങൾ ലഭിച്ചു. പേർഷ്യൻസഭ അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ കീഴിലായിരുന്നു. (നിഖ്യാ കാനോൻ നമ്പർ 4)" എന്ന് അച്ചൻ എഴുതിയിരിക്കുന്നു. ഇത് തെറ്റായ പ്രസ്താവനയാണ്. നിഖ്യാ സുന്നഹദോസ് ഇങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ല. നിഖ്യായുടെ നാലാം നമ്പർ കാനോനിൽ ഇതില്ല. നാലാം നമ്പർ കാനോൻ ഇങ്ങനെയല്ല.

എ.ഡി.325-ൽ കുസ്തന്തീനോസ് ചക്രവർത്തി വിളിച്ചുകൂട്ടിയ സുന്നഹദോസാണ് നിഖ്യാസുന്നഹദോസ്. ഒന്നാമത്തെ സാർവ്വത്രിക സുന്നഹദോസ് എന്ന് ഇതറിയപ്പെടുന്നു. അറിയൂസിന്റെ വേദവിപരീതം എതിർത്തു പരാജയപ്പെടുത്തുക എന്നതായിരുന്നു സുന്നഹദോസിന്റെ പ്രധാന ഉദ്ദേശം. 318 പിതാക്കന്മാർ പങ്കെടുത്ത ആ സുന്നഹദോസ് നിഖ്യാ വിശ്വാസപ്രമാണം ക്രോഡീകരിച്ചു. അതോടൊപ്പം സഭാഭരണം, ശിക്ഷണം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് 20 തീരുമാനങ്ങൾ കൈക്കൊണ്ടു. അതാണ് നിഖ്യായുടെ കാനോനുകൾ. അതിൽ കാതോലിക്കാ സ്ഥാപനത്തെക്കുറിച്ച് ഫാ.പ്രിൻസ് പൗലോസ് പറയുന്ന വകുപ്പില്ല.

നിഖ്യാ സുന്നഹദോസ് കാലത്ത് ജീവിച്ചിരുന്ന കൈസറിയായിലെ യൗസേബിയോസ്, തിയോഡോറേറ്റ്, സോസോമെൻ, സേക്രട്ടീസ്, ഗലാസിയൂസ് തുടങ്ങിയ പിതാക്കന്മാർ, അഞ്ചാം നൂറ്റാണ്ടു മുതൽ 12-ാം നൂറ്റാണ്ടിൽ ചരിത്രമെഴുതിയ മഹാപണ്ഡിതനായ അന്ത്യോഖ്യാ പാത്രിയർക്കീസ് മീഖായേൽ റാബോ, അദ്ദേഹത്തിന്റെ സമകാലികനായ ദീവന്നാസിയോസ് ബർസ്ലീബി തുടങ്ങി ഗ്രീക്ക്, ലത്തീൻ, സുറിയാനി ഭാഷകളിൽ നിഖ്യാസുന്നഹദോസിന്റെ ചരിത്രമെഴുതിയവരെല്ലാം നിഖ്യായുടേതായി ഇരുപതു കാനോനുകൾ (നിശ്ചയങ്ങൾ) മാത്രമേ ഉദ്ധരിക്കുന്നുള്ളു. അവരാരും കാതോലിക്കാ സ്ഥാനത്തെക്കുറിച്ച് ഒരു വാക്കുപോലും പറയുന്നില്ല.

കുസ്തന്തീനോസ് രാജാവ് നിയമിച്ച സർക്കാർ ഉദ്യോഗസ്ഥന്മാരായിരുന്നു സുന്നഹദോസിന്റെ മിനിറ്റ്സ് രേഖപ്പെടുത്തിയത്. അവരിലാരും കാതോലിക്കാ സ്ഥാപനത്തെക്കുറിച്ച് ഒരുവാക്കുപോലും അതിലെങ്ങും എഴുതിയില്ല. എന്നാൽ 1912 മുതൽ മലങ്കരയിൽ ഉണ്ടായ ഒരു തെറ്റായ ധാരണയാണ് നിഖ്യാസുന്നഹദോസ് തീരുമാനമനുസരിച്ചാണ് കാതോലിക്കാ സ്ഥാനം ഉണ്ടായത് എന്നത്. അക്കാലം മുതൽ മലങ്കരസഭയിൽ കേസു നടത്തിയ സുപ്രസിദ്ധ നിയമപണ്ഡിതന്മാർ കാതോലിക്കാ സ്ഥാനം നിഖ്യാ സുന്നഹദോസ് തീരുമാനമാണെന്ന നിലയിലാണ് കേസു വാദിച്ചത്. ഇരുഭാഗത്തിനും വേണ്ടി മലങ്കരസഭയിൽ കേസുനടത്തിയ നിയമവിദഗ്ദ്ധന്മാരുടെ സഭാകാര്യങ്ങളിലുള്ള അജ്ഞത എന്നുമാത്രമേ ഇതിനെക്കുറിച്ച് പറയാൻ സാധിക്കുകയുള്ളു. നിഖ്യാ സുന്നഹദോസിന്റെ നാലാമത്തെ കാനോൻ ഇങ്ങനെയാണ്

"ഒരു പ്രൊവിൻസിലെ എല്ലാ മെത്രാന്മാരും കൂടി ഒരു മെത്രാനെ വാഴിക്കുക എന്നത് സർവ്വാത്മനാ ആദരണീയമാണ്. അത്യാവശ്യത്താലോ, ദൂരംകൊണ്ടോ ഇത് പ്രയാസമാണെങ്കിൽ, കുറഞ്ഞത് മൂന്നുപേരെങ്കിലും ഒന്നിച്ചുകൂടുകയും വരാത്തവരുടെ സമ്മതം എഴുതിവാങ്ങുകയും ചെയ്തിട്ട് പട്ടം കൊടുക്കണം. എന്നാൽ എല്ലാ പ്രൊവിൻസിലും നടന്ന സംഗതികളുടെ സ്ഥിരീകരണം മെത്രാപ്പോലീത്തായ്ക്ക് വിട്ടുകൊടുക്കണം". ഇതിൽ കാതോലിക്കാ സ്ഥാനത്തെക്കുറിച്ചൊന്നും പറയുന്നില്ലെന്നു വ്യക്തമല്ലെ. പേർഷ്യൻ സഭ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിലായിരുന്നു എന്നു പ്രസ്താവിക്കുമ്പോൾ അതിന് എന്തെങ്കിലും ഒരു ന്യായവും അടിസ്ഥാനവും വേണ്ടെ.

നിഖ്യാ സുന്നഹദോസിന്റേതതായി ആകെ 20 കാനോനുകളാണ് ഉള്ളത്. നിഖ്യാ സുന്നഹദോസിന്റെ 20 കാനോനുകളും മലങ്കരസഭാദീപം 2010 ജൂൺ 1-15 ലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വായനക്കാരുടെ അറിവിനായി അവയിൽ പ്രസക്തമായ ആദ്യത്തെ ഏഴെണ്ണം വീണ്ടും പ്രസിദ്ധീകരിക്കുന്നു.

1. രോഗിനിവാരണാർത്ഥം ഭിഷഗ്വരന്മാരാൽ ഓപ്പറേഷന് വിധേയരാക്കപ്പെട്ടവരും, ശത്രുക്കളാൽ ഷണ്ഡന്മാരാക്കപ്പെട്ടവരും വൈദികസ്ഥാനത്തു നിലനില്ക്കട്ടെ. എന്നാൽ നല്ല ആരോഗ്യമുള്ളവർ സ്വയം വൃഷണഛേദനം ചെയ്താൽ, വൈദികസമൂഹത്തിൽ പേരെഴുതപ്പെട്ടയാളാണെങ്കിലും, പൗരോഹിത്യജോലിയിൽനിന്ന് പിന്മാറട്ടെ. ഇനിമേൽ അത്തരക്കാർക്ക് പട്ടം നൽകാനേ പാടില്ല. അത്, സ്വന്ത ഇഷ്ടത്താൽ ചെയ്യുകയും വൃഷണഛേദനം നടത്തുകയും ചെയ്യുന്നവരെപ്പറ്റിയാണ് പറഞ്ഞിരിക്കുന്നത് എന്ന് വ്യക്തമാണല്ലോ. അതുകൊണ്ട് ശത്രുക്കളാലോ തങ്ങളുടെ യജമാനന്മാരാലോ ഷണ്ഡരാക്കപ്പെട്ടവർ യോഗ്യരായി കാണപ്പെട്ടാൽ, അത്തരക്കാരെ കാനോൻ വൈദികഗണത്തിൽ ഉൾപ്പെടുത്തുന്നു.

2. അത്യാവശ്യംകൊണ്ടോ, വ്യക്തികളുടെ തിടുക്കംകൊണ്ടോ, സഭാനിയമത്തിനെതിരായി പലകാര്യങ്ങളും നടന്നു. പുറജാതികളിൽനിന്ന് വിശ്വാസത്തിലേക്ക് വന്ന നവാഗതർ, പരിശീലനം ലഭിച്ചവരെങ്കിലും കുറച്ചുകാലം മാത്രമായവർ, നേരെ ആത്മീയ സ്നാനത്തിനാനീതരാക്കപ്പെടുകയും സ്നാനാനന്തരം ഉടനെതന്നെ വൈദികസ്ഥാനത്തേക്കോ, മെത്രാൻസ്ഥാനത്തേക്കോ ഉയർത്തപ്പെടുകയും ചെയ്യുന്നു. ഇപ്രകാരം ഒന്നും ഭാവിയിൽ സംഭവിക്കാൻ പാടില്ല എന്നുള്ളതു യുക്തമെന്നു നമുക്കു തോന്നുന്നു. കാരണം സ്നാനാർത്ഥിക്കു തന്നെ സമയവും സ്നാനം കഴിഞ്ഞ് നീണ്ട പരിശോധനയും ആവശ്യമാണ്. അഹങ്കരിച്ച് ശിക്ഷയിലും പിശാചിന്റെ കെണിയിലും വീഴാതിരിക്കാൻ അവൻ ഒരു നവശിഷ്യനായിരിക്കരുത് (1തിമോ.3:6) എന്നുള്ള ശ്ലൈഹികചൊല്ല് വ്യക്തമാണല്ലോ. എന്നാൽ പിന്നീട് ഏതെങ്കിലും ജഢീകപാപം അവനിൽ കണ്ടുപിടിക്കപ്പെടുകയും രണ്ടോ മൂന്നോ സാക്ഷികളാൽ കുറ്റപ്പെടുത്തപ്പെടുകയും ചെയ്താൽ അവൻ വൈദികസ്ഥാനത്ത് തുടരാൻ പാടില്ല. ഈ നടപടികളെ മറികടക്കുന്നവർ ഈ വലിയ സുന്നഹദോസിനെ ധിക്കരിക്കുന്നതിനാൽ അവരുടെ വൈദികസ്ഥാനം നഷ്ടപ്പെടുത്തുകയായിരിക്കും.

3. സ്വന്തം അമ്മ, സഹോദരി, അമ്മാവി അതുപോലെ സംശയാതീതരായ മറ്റ് ആളുകൾ എന്നിവരൊഴിച്ച് മെത്രാനോ വൈദികനോ, ശെമ്മാശ്ശനോ, വൈദികസ്ഥാനത്തുള്ള മറ്റുള്ളവരോ തന്റെ കൂടെ ഒരു സ്ത്രീയേയും പാർപ്പിച്ചുകൂടായെന്ന് ഈ വലിയ സുന്നഹദോസ് കർശനമായി വിലക്കുന്നു.

4. ഒരു പ്രൊവിൻസിലെ എല്ലാ മെത്രാന്മാരും കൂടി ഒരു മെത്രാനെ വാഴിക്കുക എന്നത് സർവ്വാത്മനാ ആദരണീയമാണ്. അത്യാവശ്യത്താലോ, ദൂരംകൊണ്ടോ ഇത് പ്രയാസമാണെങ്കിൽ, കുറഞ്ഞത് മൂന്നുപേരെങ്കിലും ഒന്നിച്ചുകൂടുകയും വരാത്തവരുടെ സമ്മതം എഴുതിവാങ്ങുകയും ചെയ്തിട്ട് പട്ടം കൊടുക്കണം. എന്നാൽ എല്ലാ പ്രൊവിൻസിലും നടന്ന സംഗതികളുടെ സ്ഥിരീകരണം മെത്രാപ്പോലീത്തായ്ക്ക് വിട്ടുകൊടുക്കണം.

5. പല പ്രവിശ്യകളിലായി മുടക്കപ്പെട്ട വൈദികരെയും അത്മായരെയും സംബന്ധിച്ച് : ആരെങ്കിലും ഒരാൾ മുടക്കിയ ആളെ മറ്റുള്ളവർ സ്വീകരിക്കാതിരിക്കട്ടെ എന്ന കാനോൻ മെത്രാന്മാർ പാലിക്കട്ടെ. ഛിദ്രവാസനയാലോ, മെത്രാന്റെ കരുണാരാഹിത്യം ആദിയായ മറ്റു കാരണത്താലോ ആണോ അവൻ ഭ്രഷ്ടനാക്കപ്പെട്ടത് എന്ന് അന്വേഷിക്കണം. ഇക്കാര്യം സംബന്ധിച്ച് വേണ്ടവണ്ണം പരിശോധിക്കപ്പെടുവാനായി ഇപ്രകാരം തീർപ്പുകല്പിക്കുന്നു: എല്ലാ പ്രവിശ്യകളിലും ആണ്ടിൽ രണ്ടു പ്രാവശ്യം സുന്നഹദോസ് കൂടണം. പ്രവിശ്യയിലെ എല്ലാ മെത്രാന്മാരും ഒന്നിച്ചുകൂടുമ്പോൾ ഈവക പ്രശ്നങ്ങൾ പൂർണ്ണമായി പരിശോധനാവിധേയമാക്കണം. സ്വന്തം മെത്രാനെതിരായി തെറ്റുചെയ്തവർ, ശരിയായിട്ടാണ് സഭാഭ്രഷ്ടരാക്കപ്പെട്ടതെന്ന് എല്ലാവരും ഗ്രഹിക്കാനാണിത്. മെത്രാന്മാരുടെ ഒരു പൊതു മീറ്റിംഗിൽവെച്ച് പിന്നീട് കുറേക്കൂടി കരുണാർദ്രമായ ഒരു വിധി അവരുടെമേൽ പ്രസ്താവിക്കുവാൻ സാധിക്കുന്നതുവരെ ഇതു തുടരട്ടെ. ഈ സുന്നഹദോസുകളിൽ ഒന്ന് വലിയ നോമ്പിനു മുമ്പും മറ്റത് ശരത്കാലത്തും ആയിരിക്കട്ടെ. എല്ലാ കൈപ്പും മാറ്റിവെയ്ക്കപ്പെട്ട് ദൈവത്തിന് പരിശുദ്ധമായ അർപ്പണം നടത്താൻ വേണ്ടിയാണിത്.

6. ഈജിപ്ത്, ലിബിയ, പെന്റാപൊളീസ് എന്നിവിടങ്ങളിലെ പ്രാചീന പാരമ്പര്യമനുസരിച്ച് അലക്സാണ്ഡ്രിയായിലെ മെത്രാന് (ഈ)ഇടവകകളിന്മേലുള്ള അധികാരം നിലനിൽക്കട്ടെ. കാരണം റോമിലെ മെത്രാനും ഇപ്രകാരമാണല്ലോ പതിവ്. അതുപോലെ അന്ത്യോഖ്യയിലും മറ്റ് പ്രവിശ്യകളിലും സഭകൾ അവരവരുടെ അവകാശങ്ങൾ നിലനിർത്തട്ടെ. മെത്രാപ്പോലീത്തായുടെ സമ്മതം കൂടാതെ ആരെയെങ്കിലും മെത്രാനാക്കിയാൽ അപ്രകാരമുള്ളവർ മെത്രാനായിരിക്കാൻ പാടില്ല എന്ന് ഈ വലിയ സുന്നഹദോസ് തീർപ്പുകല്പിക്കുന്നു. ഇത് സാർവ്വത്രികമായി സകലരും അറിഞ്ഞിരിക്കട്ടെ. എന്നാൽ രണ്ടോ മൂന്നോ മെത്രാന്മാർ തർക്കത്തിനുള്ള സ്വാഭാവിക പ്രേരണയാൽ മറ്റുള്ളവരുടെ പൊതുതീരുമാനത്തെ എതിർത്താൽ ഭൂരിപക്ഷ തീരുമാനം നിലനില്ക്കും എന്നത് ബുദ്ധിപൂർവ്വവും സഭാനിയമാനുസാരവുമാണ്.

7. ഏലിയായുടെ (യറുശലേം) മെത്രാൻ ബഹുമാനിക്കപ്പെടണം എന്ന പ്രാചീന പാരമ്പര്യവും ആചാരവുമനുസരിച്ച് മെത്രോപ്പൊളീസിന്റെ പദവി അംഗീകരിച്ചുകൊണ്ട് മാന്യസ്ഥാനം ഉണ്ടായിരിക്കണം.

സഭയുടെ വിശ്വാസം സംബന്ധിച്ചും ഭരണസംവിധാനത്തെക്കുറിച്ചും, ബിഷപ്പുമാരുടെ അധികാരം സംബന്ധിച്ചും, സഭയിലെ ക്രമീകരണങ്ങളെക്കുറിച്ചും നിഖ്യാസുന്നഹദോസ് തീരുമാനങ്ങൾ എടുത്തു. നിഖ്യായുടെ കാനോനുകൾ എന്നറിയപ്പെടുന്ന 20 കാനോനുകളാണ് നിഖ്യായുടെ തീരുമാനങ്ങളായി അക്കാലംമുതലുള്ള ചരിത്രപുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ഈ കാനോനുകൾ ഗ്രീക്ക്, ലത്തീൻ, സുറിയാനി തുടങ്ങിയ പുരാതന ഭാഷകളിലും അതിന്റെ പരിഭാഷ ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ, മലയാളം തുടങ്ങിയ ആധുനിക ഭാഷകളിലും പലയിടത്തും പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിലെങ്ങും പ്രിൻസച്ചൻ പറയുന്ന രീതിയിലല്ല നാലാമത്തെ കാനോൻ.

ഇതിൽ പറഞ്ഞിരിക്കുന്നു ആറാമത്തെ കാനോനിലെ പരാമർശനത്തിന്റെ അടിസ്ഥാനത്തിലാണ് നിഖ്യാസുന്നഹദോസ് അലക്സാന്ത്ര്യയ്ക്കും റോമിനും അന്ത്യോഖ്യയ്ക്കും പ്രത്യേകം പദവി നൽകിയെന്നും അവയെ പാത്രിയർക്കാ സ്ഥാനങ്ങളായി അംഗീകരിച്ചുവെന്നും പറയുന്നത്. അവിടങ്ങളിലൊക്കെ നിലവിലിരിക്കുന്ന പതിവ് - അതായത് അവിടുത്തെ മെത്രാന്മാർക്ക് അവരവരുടെ ആസ്ഥാനങ്ങൾ സ്ഥിതിചെയ്യുന്ന പ്രൊവിൻസുകളിലെ മെത്രാസനങ്ങളുടെമേലും ഇടവകകളിന്മേലുള്ള അധികാരം നിലനിൽക്കട്ടെ എന്നാണ് ഈ വലിയ സുന്നഹദോസിന്റെ തീരുമാനം. പിൽക്കാലത്ത് റോമിലേയും അലക്സന്ത്രിയായിലും അന്ത്യോഖ്യയിലേയുമൊക്കെ പ്രാദേശികസുന്നഹദോസുകൾകൂടി അവരവരുടെ അധികാരാവകാശങ്ങളെക്കുറിച്ച് കൂടുതൽ തീരുമാനങ്ങൾ എടുത്തു. അത് പിന്നെയും കാലം കഴിയുമ്പോൾ രാഷ്ട്രീയവും മതപരവുമായ കാരണങ്ങൾകൊണ്ട് പാത്രിയർക്കീസന്മാരുടെ പരമാധികാരമായോ വളർന്നു. നിഖ്യാസുന്നഹദോസിനു ശേഷം കെട്ടുകഥകൾപോലെ പല കാര്യങ്ങളും പല സഭകളിലും പാരമ്പര്യങ്ങളിലും നൂറ്റാണ്ടുകളായി പ്രചരിച്ചിട്ടുണ്ട്. ശാസ്ത്രീയവും വിമർശനാത്മകവുമായ ചരിത്രപഠനമില്ലാതെ അവയൊക്കെ സ്വീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് ചരിത്രത്തോടും ചരിത്ര വസ്തുതകളോടും കാണിക്കുന്ന അപരാധമെന്നേ പറയാൻ കഴിയൂ.

പേർഷ്യൻ സഭാസുന്നഹദോസുകളാണ് പേർഷ്യയിലെ കാതോലിക്കോസിന്റെ അധി

(ശേഷം പേജ് 5-ൽ)

## ധ്യാനപീഠം

ഫാ.ജോൺ റ്റി.വർഗീസ് കുളക്കട

# നിയമങ്ങളുടെ പുതിയ മുഖം

### സ്ലീബാപെരുന്നാളിനുശേഷം മൂന്നാം ഞായർ

**വേദഭാഗം : വി.മർക്കോസ് 2:23–28**

പന്തിരുവരെ വിശപ്പ് മുട്ടിമുട്ടി വിളിച്ച ആ വഴിയാത്രയിൽ അവർ അറിയാതെ പറിച്ചെടുത്ത കതിർമണികൾ അവർക്കുനേരെയുള്ള ആയുധമാകുന്നു. ഈ ആയുധങ്ങളുടെയെല്ലാം പഴയനിയമചരിത്രത്തിന്റെയും മനുഷ്യന്റെ അവകാശങ്ങളുടെയും പശ്ചാത്തലത്തിൽ യേശുക്രിസ്തു പുനർനിർണ്ണയിക്കുന്നു. ശബത്തിന്റെ ചോദ്യംചെയ്യാനനുവദിക്കുന്നതിലൂടെ പരീശസമൂഹത്തെ കർത്താവ് ക്രുദ്ധരാക്കുന്നുണ്ട്. പഴയനിമയത്തിലെ ഉടമ്പടി ബന്ധത്തെ നിയമത്തിന്റെ അനുമാനത്തിലൂടെ മാത്രം നോക്കിക്കാണുന്ന യഹൂദസമൂഹം ലക്ഷ്യങ്ങൾ മറന്നുപോകുന്നു.

### ആത്മാവ് അന്യമായിപ്പോയ എന്റെ ആചാരങ്ങളെ മാപ്പ്

നമ്മുടെ കാലത്തിലും വല്ലാതെ സംഭവിക്കുന്നുണ്ടിത്. ചില നേരത്തൊക്കെ നമ്മുടെ ആചാരങ്ങളോടുള്ള മനോഭാവം നമ്മുടെ അടിസ്ഥാന നന്മകൾക്ക് വിള്ളൽ വീഴ്ത്തുന്നുണ്ട്. ഒന്നും അതിൽതന്നെ ജീർണ്ണിച്ചുപോകരുത്. അനുഷ്ഠാനങ്ങൾ എല്ലാം മാർഗ്ഗങ്ങൾ ആയി കാണണം. ഭക്തൻ അനുഷ്ഠാനങ്ങളുടെ അടിമയായിപ്പോകരുത്. വിധേയനായിരിക്കണംതാനും. യേശുക്രിസ്തുവിനെ നോക്കുക ന്യായപ്രമാണത്തിന്റെയും രാഷ്ട്രത്തിന്റെയും ചട്ടങ്ങൾകൊണ്ട് ഒരു സാൻവിച്ചിലെന്നപോലെ ഞെരുങ്ങിയിരിക്കുന്നു. ഭക്ഷണത്തിനുമുമ്പ് കൈ കഴുകിയില്ലെന്ന അന്താരാഷ്ട്ര പ്രശ്നങ്ങളും കരം കൊടുക്കുന്നതിന്റെ കണക്കും അവനെ പഠിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ അതിന്റെ അടിമയായില്ല, നിഷേധിച്ചുമില്ല വിധേയനായി നിലനിന്നു. മനുഷ്യാവകാശങ്ങളുടെയും മാനവികതയുടെയും കാവൽക്കാരനെന്ന് എല്ലാകാലത്തും സ്വയം വിശേഷിപ്പിക്കുന്ന മതങ്ങൾ മനുഷ്യബന്ധങ്ങളിൽ ഭേദപ്പെട്ട ഒരു സംസ്ക്കാരമാണ് രൂപപ്പെടുത്തേണ്ടത്. ഈ വേദഭാഗത്ത് അങ്ങനെയുള്ളതൊക്കെ നഷ്ടപ്പെടുന്ന ഒരു കദനചിത്രം നാം കാണുന്നുണ്ട്. ന്യായപ്രമാണത്തിന്റെ കാവലാളുകൾ എന്ന് ഗൗരവം നടിച്ച പരീശന്മാർ പാഠങ്ങൾക്ക് കൂടുതൽ കടുപ്പം നൽകിയതിനോട് യേശു കലഹിക്കുന്നു. ഒരുപക്ഷെ മോശയുടെ കാലത്തേക്കാൾ അവരത് കടുപ്പമാക്കാൻ ശ്രമിക്കുന്നു. ദൈവമേ എന്റെ നോമ്പിലും നമസ്ക്കാരത്തിലും അനുഷ്ഠാനങ്ങളിലും കരുണയും കരുതലും സ്നേവും പുറംതോടായിതന്നെ രൂപപ്പെടുത്തിത്തരണേ എന്ന് പ്രാർത്ഥിക്കണം. ഒപ്പം യെശയ്യാവ് 58-ാം അദ്ധ്യായം ഒരുതവണ വായിക്കുന്നതും നല്ലതാണ്. ആത്മാവ് നഷ്ടപ്പെടുന്നയിടവും സെമിത്തേരിയും തമ്മിൽ വലിയ ദൂരമില്ല.

### നിയമങ്ങളുടെ പുതിയമുഖം

താൻ വന്നിരിക്കുന്നത് ന്യായപ്രമാണത്തെ നീക്കുവാനല്ല നിവർത്തിപ്പാനത്രെ എന്ന് കർത്താവ് പറഞ്ഞത് നമ്മുടെ മനസ്സിൽ ഉടക്കിപ്പോകുന്ന വാക്കുകളാണ്. സാധാരണ മനുഷ്യന്റെ നീതിശാസ്ത്രത്തിന് അവരുടെ വിശപ്പിന് ഉത്തരം നൽകാനാകുന്ന വിധത്തിൽ യേശുക്രിസ്തു ന്യായപ്രമാണ നിയമങ്ങളെ വ്യാഖ്യാനിക്കുന്നു. ശമുവേൽ 21-ാം അദ്ധ്യായത്തിൽ പുരോഹിതൻ ദാവീദിനോട് നിയമത്തിന്റെ പുതിയ മുഖത്തിലൂടെ ഇടപെടുമ്പോൾ ആ പുരോഹിതൻ ചരിത്രത്തിൽ കസേരയിട്ടിരിക്കുന്നു.

ഞാൻ പാലിക്കേണ്ട നിയമങ്ങളിൽ എന്നേക്കാൾ ചെറിയവർക്ക് അത് ഉപകാരപ്പെടുന്നത് എങ്ങനെയെന്ന് ഒരു അന്വേഷണം നടക്കേണ്ടതാണ്. ശമരിയാക്കാരന്റെ ഉപമയിൽ ലേവ്യനും പുരോഹിതനും അവരവരുടെ നിയമങ്ങൾ കൃത്യമായി പാലിക്കുമ്പോൾ ശമരിയാക്കാരനാകട്ടെ താൻ ഇടപെടേണ്ട പരിധികൾ വിട്ട് പുതിയ നിയമം സകല മുറിവേറ്റവർക്കും വേണ്ടി സ്ഥാപിക്കുന്നു. ധൂർത്തപുത്രന്റെ കഥയിലാകട്ടെ മടങ്ങിയെത്തുന്ന മകനെ അവകാശങ്ങൾ പുനസ്ഥാപിച്ച് തിരികെ സ്വീകരിക്കുമ്പോൾ എന്ത് നിയമമെന്ന് മൂത്ത പുത്രൻ ശങ്കിച്ച് ദൂരെ നിൽക്കുന്നു. എന്നാൽ ആ വീട്ടിൽ ആ അപ്പൻ ഒരു പുതിയ നിയമം എഴുതിയുണ്ടാക്കിയിരുന്നു. തന്റെ കാൽക്കൽ ഇരുന്ന് വചനം പഠിക്കുന്ന മറിയക്കും ഭരണിപൊട്ടിച്ച് തൈലം കാലിൽ ഒഴുക്കുന്ന പാപിനിക്കും വേണ്ടി കർത്താവ് നിയമങ്ങളുടെ പുതിയമുഖം സൃഷ്ടിച്ചെടുക്കുന്നു. ഭൂമിയിലെ ചെറിയ മനുഷ്യർപോലും വിശകലനങ്ങളും വ്യാഖ്യാനങ്ങളുംകൊണ്ട് ഗഹനമാക്കപ്പെട്ട തോറായേക്കാൾ വലുതെന്ന് ക്രിസ്തു പഠിപ്പിക്കുന്നു. സ്നേഹമാണ് എല്ലാ നിയമങ്ങളുടെയും പൊരുൾ. മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ ഗീതാഞ്ജലി ഭാരതീയ മനസ്സുകളെ പുളകംകൊള്ളിച്ചത് എങ്ങനെയാണ്. ജപസാധകങ്ങളുടെ ശ്രീകോവിലിൽനിന്നും ഈശ്വരൻ ഇറങ്ങി പാടത്തെ പണിയാളരിലേക്കും പാറപൊട്ടിക്കുന്നവരിലേക്കും പടിയിറങ്ങിപോയിരിക്കുന്നു എന്ന് പാടിയപ്പോഴാണ്.

### വിശപ്പ് – സ്വർഗ്ഗം ചോർത്തുന്ന പ്രതിഭാസം

കർത്താവ് ഏറ്റവും ഗഹനമായെടുത്ത മനുഷ്യന്റെ അവസ്ഥയാണ് വിശപ്പ്. അയ്യായിരത്തിന്റെ വിശപ്പും പന്തിരുവരുടെ വിശപ്പും അവിടുന്ന് കാര്യമായി പരിഗണിക്കുന്നുണ്ട്. ദാവീദ് രാജാവിന്റെ വിശപ്പിനോട് ശ്ലീഹന്മാരുടെ വിശപ്പിനെ താരതമ്യപ്പെടുത്തിക്കൊണ്ട് വിശപ്പിന്റെ മുമ്പിൽ എല്ലാകാലത്തും നിയമങ്ങൾക്ക് ഒരേ മുഖമാണ് എന്ന് ക്രിസ്തു വ്യാഖ്യാനിക്കുന്നു. പഴയനിയമത്തിൽ രണ്ടുതരം വിശപ്പുകൾ കാണാം. ഒന്ന് പാപത്തിലേക്കുള്ള വിശപ്പാണ്. ഹവ്വാ ഏദൻതോട്ടത്തിൽ അതിന്റെ ഫലം കുടുംബസമേതം അനുഭവിക്കുന്നു. മന്ന മടുക്കുന്ന ഇസ്രായേൽ ജനം ഇറച്ചിക്കുവേണ്ടി കലപിലകൂട്ടി വിളിക്കുമ്പോൾ ദൈവം ആ വിശപ്പിനെ മഹാബാധകൊണ്ട് സംഹരിക്കുന്നു. എന്നാൽ മറുവശത്ത് മരുഭൂമിയിൽ വിശപ്പുകൊണ്ട് ജനം പൊറുതിമുട്ടുമ്പോൾ സ്വർഗ്ഗത്തിൽനിന്ന് ദൈവം മന്ന ചോർത്തുന്നത് നാം കാണുന്നു.

മഹാഭാരതത്തിൽ ഒരു മഹാക്ഷാമകാലത്തിന്റെ വർണ്ണനയുണ്ട്. ഭൂമിയിലെല്ലാം ഉണങ്ങിക്കരിഞ്ഞ ഒരു കാലം. വൃക്ഷങ്ങളുടെ വേരുകളൊക്കെ ഉണങ്ങി. വിശ്വാമിത്രമഹർഷി വനത്തിലൊന്നും തിന്നാനില്ലാതെ കൊടിയ വിശപ്പിൽ ഒന്നും കഴിക്കാനില്ലാതെ വലഞ്ഞു. ഒരു ഗ്രാമത്തിൽ ഒരു വീട്ടിലേക്ക് അദ്ദേഹം പ്രവേശിച്ചു. അവിടെ ഒരു ചണ്ഡാളന്റെ കട്ടിലിനടിയിൽ ഒരു നായയുടെ കാൽ കിടക്കുന്നത് അദ്ദേഹം കണ്ടു. അത് ആരും കാണാതെ കഴിക്കാനായി അദ്ദേഹം കാത്തിരുന്നു. ഇത് സൂക്ഷ്മമായി നിരീക്ഷിച്ച ചണ്ഡാളൻ വിശ്വാമിത്രൻ ആർത്തിയോടെ ആ നായക്കാൽ തിന്നാനൊരുങ്ങിയപ്പോൾ മഹർഷി എന്തു ഹിനമായ കാര്യമാണ് അങ്ങ് ചെയ്യുന്നതെന്ന് ചോദിക്കുന്നു. അപ്പോൾ വിശ്വാമിത്രൻ ഒരു മനുഷ്യൻ വിശന്നിരിക്കുമ്പോൾ ജീവരക്ഷയ്ക്കായി അയാൾ എന്തും തിന്നാൻ അനുവദിക്കപ്പെട്ടവനാണെന്ന് ശാസ്ത്രോക്തിയെ മുൻനിർത്തി പറയുന്നുണ്ട്. അതാണ് വിശപ്പ്.

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ നിയമങ്ങൾ ഏറ്റവും ലളിതമായിരിക്കണമെന്ന പാഠം ഇപ്പോൾ നാമറിയുന്നുണ്ട്.

### സ്ലീബാപെരുന്നാളിനുശേഷം നാലാം ഞായർ

**വേദഭാഗം വി.ലൂക്കോസ് 16:9–18**

യേശുതമ്പുരാന്റെ അധരങ്ങളിൽനിന്നും ഉതിർന്നുവീണ ഉപമകളാൽ സമ്പന്നമാണ് വി.ലൂക്കോസിന്റെ 15,16 എന്നീ അദ്ധ്യായങ്ങൾ. കാര്യവിചാരകത്വം എന്ന വിഷയത്തെക്കുറിച്ച് കാര്യമായി കർത്താവ് സംസാരിക്കുന്നു. ദ്രവ്യത്തോടുള്ള ബന്ധത്തിൽ സൂക്ഷിക്കേണ്ട കാര്യങ്ങൾ ക്രിസ്തീയജീവിതത്തിൽ വിശ്വസ്തതയുടെ പ്രസക്തി എന്നീ കാര്യങ്ങൾ ഊന്നിപ്പറയുന്നുമുണ്ട്.

### വിശ്വസ്തത വീണുടഞ്ഞുപോകുന്നുവോ

ദൈവം തന്റെ ജനത്തിൽ നിന്നാഗ്രഹിക്കുന്നത് വിശ്വസ്തതയോടുകൂടിയ അനുസരണമാണ്. ഒരുപാട് കാര്യങ്ങളിൽ നിരന്തരമായി ഇടപെട്ട് ഒഴുക്കിനൊത്ത് ജീവിതവേഗം കൂട്ടുമ്പോൾ പലപ്പോഴും മനുഷ്യൻ പല കാര്യങ്ങളിലും കൃത്യമായ നിലപാടുകളും വിശ്വസ്തതയും ഇല്ലാത്തവരാകുന്നു. ദൈവം നമുക്ക് ദാനമായി തന്നിരിക്കുന്ന ആരോഗ്യം, ധനം. സമയം, കഴിവ്, വിദ്യാഭ്യാസം, ശേഷി, വിവിധ കൃപാവരങ്ങൾ എന്നിവ വിശ്വസ്തതയോടെ കൈകാര്യം ചെയ്യുവാനാണ് നമ്മെ ഭരമേൽപ്പിച്ചിരിക്കുന്നത്, 85-ാം സങ്കീർത്തനം 11-ാം വാക്യം വളരെ ശ്രദ്ധേയമാണ്. നീതി സ്വർഗ്ഗത്തിൽനിന്ന് നോക്കുന്നു എന്നാണ് ആ വാക്യം. നമ്മുടെ ജീവിതക്രമങ്ങളെ തലയ്ക്കുമീതെ കൃത്യമായി വീക്ഷിക്കുന്ന സ്വർഗ്ഗനീതിയെക്കുറിച്ച് എനിക്ക് ബോധ്യമുണ്ടാകണം. നിന്റെ നീതിക്ക് തക്കവണ്ണം എന്നെ വിധിക്കരുതെ എന്ന് നാം പ്രാർത്ഥിക്കുന്നത് അതുകൊണ്ടാണ്. ഭയപ്പെടേണ്ട മറ്റൊരവസ്ഥ എന്നത് ആ നീതി കോപിക്കുന്ന അവസ്ഥയാണ്. ശവസംസ്ക്കാര ശുശ്രൂഷയിൽ നീതി കോപിക്കുകയും വാൾ മൂർച്ചകൂട്ടപ്പെടുകയും...... എന്നിങ്ങനെ പ്രാർത്ഥിച്ചുപോകുന്നുണ്ട്. മനുഷ്യനെ പ്രീതിപ്പെടുത്തുവാൻ നാം വിശ്വസ്തതയുടെ പുറംജാഢകൾ കാട്ടിയേക്കാം. ധാരാളം പ്രവർത്തനങ്ങൾ നടത്തി നാം വിശ്വസ്തരെന്ന് മറ്റുള്ളവരെ ധരിപ്പിച്ചേക്കാം. എന്നാൽ ദൈവമാണ് പറയേണ്ടത് നാം വിശ്വസ്തരാണോ അല്ലെയോ എന്ന്.

കുട്ടികൾ മാതാപിതാക്കളുടെ വിശ്വസ്തതയോടുകൂടിയ ജീവിതവും പ്രവർത്തനവും കണ്ട് വിശ്വസ്തത പഠിക്കുന്നുണ്ടോ. വെളിപാട് 2:10 പറയുന്നു മരണപര്യന്തം വിശ്വസ്തരായിരിക്കുക നല്ലവനും വിശ്വസ്തനുമായ ദാസനേ എന്ന് ദൈവം നമ്മെ സംബോധന ചെയ്യണമെങ്കിൽ (മത്തായി 25:21) നാം നിസ്സാരമെന്ന് കരുതുന്ന കാര്യത്തിൽപോലും പരിപൂർണ്ണ വിശ്വസ്തത പാലിക്കേണ്ടിയിരിക്കുന്നു. ദൈവം ദാനം നൽകിയിരിക്കുന്ന ജീവിതത്തിന്റെ ഈ നാളുകൾ ഒരു ബോണസായി തന്നെ കാണണം. അതിൽ ഏച്ചുകെട്ടലുകളില്ലാതെയും വെള്ളം ചേർക്കാതെയും ജീവിച്ചുതീർക്കാനായെങ്കിൽ.

### ദ്രവ്യാഗ്രഹിയും ദൈവാഗ്രഹിയും

അങ്ങിനെയും രണ്ടുപേരുണ്ട് വേദപുസ്തകത്തിൽ. ഒരേ അവസ്ഥയിലൂടെ കടന്നുപോകുന്ന രണ്ടുപേർ ഒരാൾ പഴയനിയമത്തിലെ ജോസഫാണ്. മിസ്രയേമിലെ മുഴുവൻ സമ്പത്തും തന്റെ കൈകളിലേക്ക് എത്തുമ്പോഴും അതിനു മുകളിൽ കുടുംബബന്ധങ്ങളെയും സത്യദൈവത്തോടുള്ള വിശ്വസ്തതയെയും മുറുകെപിടിച്ച ദൈവാഗ്രഹിയായ ഒരു മനുഷ്യനാണ് ജോസഫ്. മറ്റേയാൾ വി.ലൂക്കോസിന്റെ സുവിശേഷത്തിൽ കർത്താവ് മൂഢാ എന്നു വിളിക്കുന്ന ധനികനായ ഒരു മനുഷ്യൻ. ധനം മുളുവൻ തന്റെ പത്തായങ്ങളിലേക്കെത്തുമ്പോഴും പുത്തുൻ സുഖത്തേക്കുറിച്ചും വരവുകളെക്കുറിച്ചും കിനാവുകണ്ടുനിൽക്കുന്ന മറ്റൊരു മനുഷ്യനാണിത്. ഒരേ അവസ്ഥകളിൽ രണ്ടുപേർ എങ്ങനെയാകാമെന്ന് ഇവർ പറയുന്നു. ഒരു വ്യക്തിയുടെ വ്യക്തിത്വം സ്വഭാവം മുതലായവ മനസ്സിലാക്കണമെങ്കിൽ രണ്ടു കാര്യങ്ങൾ ശ്രദ്ധിച്ചാൽ മതി എന്നു പറയാറുണ്ട്. ഒന്ന് അയാൾ എങ്ങനെ പണമുണ്ടാക്കുന്നു. രണ്ട് അത് ചിലവഴിക്കുന്ന രീതി. എന്നാൽ പരിക്കുപറ്റുവോളം കൊടുക്കാൻ പ്രേരിപ്പിക്കുന്ന പുസ്തകമാണ് വേദപുസ്തകം. ഓർമ്മകളിലേക്ക് വ്യക്തികൾ കൂട്ടമായി വരുന്നു. സഖായി, അനന്യാസ്, സമരിയാക്കാരൻ, തൈലക്കുപ്പി പൊട്ടിക്കുന്ന പാപിനി നിര തുടർന്നുപോകുന്നു.

ധനമോഹമില്ലാത്തവനാരോ അവനാണ് ധനികൻ. ധനികനായിട്ടും ധനത്തിന്റെ പുറകെ ഓടുന്നവൻ ദരിദ്രൻ – സെന്റ് ഫ്രാൻസിസ്


## അഡ്മിഷൻ 2012–2013

**ബാംഗ്ലൂരും പരിസരത്തുമുള്ള പ്രശസ്തവും നല്ല വിജയശതമാനവുമുള്ള കോളജുകളിൽ വിവിധ കോഴ്സുകളിലേക്ക് കോളജുകളിൽ നേരിട്ട് ബന്ധപ്പെടുത്തി അഡ്മിഷൻ വാങ്ങികൊടുക്കുന്നതാണ്.**

**No Donation and Less fees**

**Fees Direct to College**

**Course**

**B.Sc.Nursing, GNM, M.Sc.Nursing, PC BSc Nursing with KNC & INC (with Medical College in Banglore City), Engineering (all branches) BDS, B.Pham, D.Pham, BPT, Pham D, M.Tech, Bio-Technology, BCA, BBM, BHM, MCA, MBA, B.Ed, Multmedia, Physical Education (Degree & Dploma) courses and any other courses.**

**Only 75000/- per year for B.Sc.Nursing including hostel, food, transportation, eligibility fees etc., fees installment basis**

**For Admission Contact :**

**K.C.Raju, 63,4th Cross, Vinayaka Layout II Stage, Kempapura, Hebbal, Banglore -24**

**Phone : 080-23434282, 09448507035**

# മാർ തെയോഫിലോസ് – കാലം മറക്കാത്ത ശ്രേഷ്ഠാചാര്യൻ

റവ.ഡോ.ജേക്കബ് മണ്ണാറപ്രായിൽ കോർഎപ്പിസ്കോപ്പ

മറവി മനുഷ്യന്റെ കൂടെപ്പിറപ്പാണ്. എന്നാൽ മരിച്ച് വർഷങ്ങൾ 15 പിന്നിട്ടിട്ടും മനുഷ്യഹൃദയങ്ങളിൽ സജീവമായി കുടികൊള്ളുന്ന മഹാത്മാവാണ് കാലംചെയ്ത ഡോ.ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ.

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ആഗോളപ്രസക്തി നേടിത്തന്ന തിരുമേനിയുടെ ജീവിതം സംഭവബഹുലമായിരുന്നു. നീണ്ട 30 വർഷം തിരുമേനി മലങ്കരസഭയിലെ ചരിത്രഗന്ധിയായ അങ്കമാലി മെത്രാസനത്തിന്റെ അധിപനായിരുന്നു. 70കളുടെ പ്രാരംഭത്തിൽ ആരംഭംകുറിച്ച സഭാവഴക്ക് കത്തിപ്പടർന്നത് അങ്കമാലിഭദ്രാസനത്തിലായിരുന്നു.

അന്ത്യോഖ്യാ – മലങ്കര ബന്ധം അരക്കിട്ടുറപ്പിക്കാനെന്ന വ്യാജേന അരങ്ങേറിയ സംഭവപരമ്പരകൾ ഇന്നും ഒരു ഞെട്ടലോടെ മാത്രമെ ഓർക്കാനാവൂ. അർദ്ധരാത്രിയിലെ കാർകത്തിക്കൽ, അരമനപള്ളി അടച്ചുപൂട്ടൽ, എന്റെ വീടിനുനേർക്കു നടന്ന കല്ലേറ്, വീടുകത്തിക്കൽ, എന്റെ ഭവനത്തിൽ കയറിയുള്ള മർദ്ദനം തുടർന്നുള്ള ആശുപത്രിവാസം, നടുരാത്രിയിലെ അറസ്റ്റ്, അരമന അടച്ചുപൂട്ടി സീൽവെച്ചത്, ശവസത്യാഗ്രഹം, നിരാഹാരം, കടന്നാക്രമണം, കയ്യേറ്റം എന്നീ സംഭവങ്ങളുടെ നീണ്ട പട്ടിക ഇന്നും വായിക്കുന്നത് തന്നെ വേണ്ടപ്പെട്ടവർക്കുപോലും അരോചകമാണ്. അനുഭവപ്പെട്ടാൽ അതിൽ അതിശയിച്ചിട്ട് കാര്യമില്ല. ഇവയെല്ലാം വെറും പഴങ്കതകൾ മാത്രം. രാജകീയമായി സകല പ്രതാപത്തോടുംകൂടെ വാഴാനുള്ള സാഹചര്യങ്ങളെല്ലാം ഉണ്ടായിട്ടും പ്രതിയോഗികകളുടെ ആട്ടും തുപ്പും പരിഹാസവും സഹിച്ചാണ് അഭിവന്ദ്യ തിരുമേനി ആലുവായിലെ തന്റെ മുപ്പത് സംവത്സരത്തെ ദിനരാത്രങ്ങൾ തള്ളിനീക്കിയത്. മറുഭാഗത്തിന്റെ ആക്രമണത്തെ ഭയന്ന് രാത്രിമുഴുവൻ ലൈറ്റ് അണയ്ക്കാതെ ഉറങ്ങാതെ ഞാനും എന്റെ കുടുംബവും കഴിച്ച രാവുകൾ പലതാണ്. മറുഭാഗനേതൃത്വം ആയിരങ്ങളെ കൂട്ടി തൃക്കുന്നത്ത് സെമിനാരിയുടെ നേർക്ക് നടത്തിയ ഗ്രേറ്റ് മാർച്ചും തുടർന്ന് പ്രഖ്യാപിച്ച 114–ാം വകുപ്പനുസരിച്ചുള്ള നിരോധനാജ്ഞയും ഞങ്ങളെ തളർത്തിയില്ല. എതിർപക്ഷത്തിന്റെ കുത്സിതനീക്കങ്ങൾക്കുനേരെ തിരുമേനി സ്വീകരിച്ച സമീപനം സർക്കാരിന്റെയും മറ്റ് മതസ്ഥരയുടെയും പ്രശംസ പിടിച്ചുപറ്റുവാൻ മതിയായവയായിരുന്നു. തിരുമേനിയുടെ ഈ ആത്മസംയമനമായിരുന്നു എന്റെ ആത്മബലം.

തിരുമേനിയുടെ പ്രൗഢഗാംഭീര്യം ആരെയും അതിശയിപ്പിക്കുന്നതും ആകർഷിക്കുന്നതുമായിരുന്നു. അതുകൊണ്ടാണ് ആഗോള ക്രൈസ്തവ സഭാസമ്മേളനങ്ങളിൽ അദ്ദേഹം രാജകീയനായത്. അനുഗ്രഹീതനായ ഒരു പിതാവ് മഹാനായ മകന്റെ പേരിൽ അറിയപ്പെടുന്നതുപോലെയായിരുന്നു മാർ തെയോഫിലോസിലൂടെ ഭാരത്തിലെ അനുഗ്രഹീത സഭയായ മലങ്കര ഓർത്തഡോക്സ് സഭാമാതാവ് ലോകരാജ്യങ്ങളിൽ അറിയപ്പെടാൻ തുടങ്ങിയത്. തിരുമേനിയുടെ ദാർശനികത്വവും വ്യക്തിത്വവും എടുത്തുപറയേണ്ട സവിശേഷതകളാണ്.

സഭാവഴക്കിന്റെ പശ്ചാത്തലത്തിൽ അങ്കമാലി ഭദ്രാസനത്തിലെ തന്റെ കർമ്മകാണ്ഡത്തിന് ഏറെ പരിമിതികൾ ഉണ്ടായിരുന്നെങ്കിലും അദ്ദേഹത്തിന്റെ കഠിന യത്നംകൊണ്ട് പടുത്തുയർത്തിയിട്ടുള്ള സഭാസ്ഥാപനങ്ങൾ അദ്ദേഹത്തിന്റെ നിത്യസ്മാരകങ്ങളായി എന്നും നിലകൊള്ളും. കോലഞ്ചേരി, കങ്ങഴ, കോതമംഗലം, കോട്ടയം ചെറിയപള്ളി, പോത്താനിക്കാട് എന്നിവിടങ്ങളിലെ ആതുരാലയങ്ങൾ കോട്ടയം തിരുവനന്തപുരം ആലുവ കോതമംഗലം എന്നീ സ്റ്റുഡന്റ്സ് സെന്ററുകൾ വളയംചിറങ്ങര ബാലഗ്രാം, കിഴക്കമ്പലം അനാഥാലയം, കളമശ്ശേരി വിമുക്തി സ്ക്കൂൾ, തൊട്ടിക്കാനം സ്ക്കൂൾ എന്നീ സ്ഥാപനങ്ങൾ അദ്ദേഹത്തിന്റെ സംഭാവനകളിൽ ചിലതുമാത്രമാണ്. മുംബൈ മെത്രാസനാസ്ഥാനവും അനുബന്ധ സ്ഥാപനങ്ങളും ഒട്ടേറെ വിദ്യാലയങ്ങളും തിരുമേനി പടുത്തുയർത്തിയതാണ്. കോട്ടയം വൈദികസെമിനാരിയുടെ പ്രധാന ശില്പികളിൽ മുഖ്യനാണ് മെത്രാപ്പോലീത്താ.

അനേക പട്ടക്കാരെ വാഴിക്കുവാനും ദേവാലയങ്ങൾ സ്ഥാപിക്കുവാനും ഭാഗ്യംസിദ്ധിച്ച തിരുമേനിയുടെ പരിലാളനയിലും വാത്സല്യത്തിലും വളർന്നവരാണ് അഭിവന്ദ്യരായ മാർ പക്കോമിയോസ്, മാർ കൂറിലോസ്, സഖറിയാസ് മാർ തെയോഫിലോസ് എന്നീ പിതാക്കന്മാർ.

എഴുതി എഴുതി ഏറിപ്പോയി. അഭിവന്ദ്യ തിരുമേനിയോടൊപ്പം 35 വർഷം ജീവിക്കുവാൻ ഭാഗ്യം സിദ്ധിച്ച എനിക്ക് അദ്ദേഹത്തിന്റെ കർമ്മധീരമായ ജീവിതാനുഭവങ്ങൾകൊണ്ട് പഠിക്കുവാൻ സാധിച്ചുവെന്ന് സാക്ഷിക്കുവാൻ അതിയായ സന്തോഷമുണ്ട്. മലങ്കരസഭയുടെ മഹാചാര്യന്മാരിൽ അമരത്വം പ്രാപിച്ചിരിക്കുന്ന ആ ചരിത്രപുരുഷന്റെ പുണ്യാത്മാവിന് ശ്രാദ്ധാജ്ഞലികൾ അർപ്പിക്കുന്നു. അദ്ദേഹത്തെപ്പോലെയുള്ള മഹാരഥന്മാർ ഇനിയും ധാരാളം പിറന്നിരുന്നെങ്കിൽ എന്ന് ആശിച്ചുപോകുന്നു.

## കാതോലിക്കേറ്റ് ശതാബ്ദിയും....പേജ് 3–ൽനിന്ന്

കാരാവകാശങ്ങളെക്കുറിച്ചൊക്കെയുള്ള തീരുമാനങ്ങൾ കൈക്കൊണ്ടത്.

മലങ്കരസഭ മാർത്തോമ്മാശ്ലീഹായുടെ പൈതൃകവും പിന്തുടർച്ചയുമുള്ള സഭയാണ്. മറ്റേത് പുരാതനസഭയിലുമുണ്ടായതുപോലെ സഭയുടെ ആത്മീയ അധികാരസ്ഥാനങ്ങളുടെ ക്രമാനുഗതമായ വളർച്ചയായി 1912–ലെ കാതോലിക്കാ സ്ഥാപനത്തെ കാണണം. അത് സ്വതന്ത്രമാണ്. പരമോന്നതമാണ്. പരമാധികാരമുള്ള സ്ഥാനമാണ്. ആ സ്ഥാനത്തിന്റെ പൂർണ്ണ അധികാരവാകാശങ്ങൾ ഉൾക്കൊള്ളേണ്ട നിലയിൽ സഭയുടെ ആരാധനക്രമങ്ങളിലും ഭരണഘടനയിലും കാനോനുകളിലും ആവശ്യമായ ഭേദഗതികൾ വരുത്തി മലങ്കരയിലെ കാതോലിക്കാ സ്ഥാനത്തിന്റെ അധികാരവകാശങ്ങളെ പുനർനിർണ്ണയിച്ച് മുന്നേറാനാണ് ശതാബ്ദി ആഘോഷിക്കുന്ന കാതോലിക്കേറ്റിന് സാധിക്കേണ്ടത്. അതല്ലാതെ കാതോലിക്കാ സ്ഥാനം പേർഷ്യയിലേതിന്റെയും അന്ത്യോഖ്യയിലേതിന്റെയും ഒക്കെ പിന്തുടർച്ചയാണെന്നും കാതോലിക്കാ പാത്രിയർക്കീസിന്റെ കീഴ്സ്ഥാനിയാണെന്നും ഒക്കെ വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരിക്കുന്നത് നമ്മുടെ ഇരുകൂട്ടരുടെയും പാരതന്ത്ര്യമനസ്ഥിതിക്ക് മാറ്റംവരാത്തതുകൊണ്ട് മാത്രമാണ്.

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ഒ.സി.അച്ചോയി, കണ്ണൂർ**

# സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച്, കുമാരപുരം, തിരുവനന്തപുരം

### ചികിത്സാ ധനസഹായം

മലങ്കര ഓർത്തഡോക്സ് സഭയിലെ തിരുവനന്തപുരം ഭദ്രാസനത്തിൽപ്പെട്ട കുമാരപുരം സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയുടെ പെരുന്നാൾ ഭാഗമായി നിരാലംബരും സാധുക്കളുമായ രോഗികൾക്ക് പരിമിതമായ ധനസഹായം നൽകുന്നു. രോഗവിവരങ്ങൾ വിശദമായി രേഖപ്പെടുത്തി വെള്ളപേപ്പറിൽ എഴുതിയ അപേക്ഷയോടൊപ്പം ചികിത്സിക്കുന്ന ഡോക്ടറുടെ മൂന്നുമാസത്തിനുള്ളിൽ വാങ്ങിയ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷകൾ 2012 നവംബർ 30ന് മുമ്പായി ലഭിക്കത്തക്കവണ്ണം ഫാ.ജേക്കബ് സി.ഫിലിപ്പ്, വികാർ, സെന്റ് തോമസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, കുമാരപുരം മെഡിക്കൽകോളജ് പി.ഒ., ട്രിവാൻട്രം – 695011 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. എല്ലാ സഹായങ്ങൾക്കും ഓർത്തഡോക്സ് പള്ളി വികാരിയുടെ ശുപാർശ ഉണ്ടായിരിക്കണം.

### വിവാഹധനസഹായം

തിരുവനന്തപുരം ഭദ്രാസനത്തിൽപ്പെട്ട നിർധനരായ ഓർത്തഡോക്സ് യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹധനസഹായ അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ പള്ളിവികാരിയുടെ ശുപാർശയോടൊപ്പം മേൽപറഞ്ഞ വിലാസത്തിൽ അയക്കേണ്ടതാണ്.

# ഓണക്കൂർ പള്ളിയിൽ പോലീസ് കയറി വൈദികനെ ഇറക്കിവിട്ടതിൽ പ്രതിഷേധം

പിറവം : കേരളാ ഹൈക്കോടതി ഉത്തരവു പ്രകാരം ഓർത്തഡോക്സ് യാക്കോബായ വിഭാഗങ്ങൾക്കായി ഒന്നിടവിട്ട ആഴ്ചകൾ ആരാധനയ്ക്കായി അനുവദിച്ചിട്ടുള്ള ഓണക്കൂർ സെഹിയോൻ പള്ളിയിൽ ഓർത്തഡോക്സ് വിഭാഗത്തിന്റെ തവണയിൽ വന്ന സ്ലീബാ പെരുന്നാൾ ദിവസം ഇടവകാംഗമായ 86 വയസ്സ് പ്രായമുള്ള വൈദികശുശ്രൂഷയിൽനിന്നും അനാരോഗ്യം കാരണം വിരമിച്ച ജോൺ മണ്ണാത്തിക്കുളം കോർഎപ്പിസ്കോപ്പാ സ്ഥാനവസ്ത്രങ്ങളൊന്നും അണിയാതെ തന്റെ സഹധർമ്മിണിയുടെ ഓർമ്മ ദിവസം ആരാധനയിൽ സംബന്ധിച്ചുകൊണ്ടിരിക്കുമ്പോൾ ആ ഇടവകയിൽപ്പെട്ട യാക്കോബായ സഭാംഗമായ പിറവം പോലീസ് സ്റ്റേഷനിലെ കോൺസ്റ്റബിൾ അനധികൃതമായി ദേവാലയത്തിന്റെ അൾത്താരയിൽ യൂണിഫോമിൽ പ്രവേശിച്ച് ബഹുമാനപ്പെട്ട അച്ചനെ ഇറക്കിവിട്ട നടപടിയിൽ ഓണക്കൂർ സെഹിയോൻ പള്ളി ഓർത്തഡോക്സ് സഭാംഗങ്ങളുടെ യോഗം പ്രതിഷേധിച്ചു.

നിയമവിരുദ്ധമായി പോലീസിന്റെ അധികാരങ്ങൾ സങ്കുചിതമായ തന്റെ വ്യക്തിപരമായ സമുദായ താൽപര്യ സംരക്ഷണാർത്ഥം ദുരുപയോഗം ചെയ്ത പോലീസ് കോൺസ്റ്റബിളിനെതിരെ സത്വര നടപടി സ്വീകരിക്കണമെന്ന് യോഗം അധികാരികളോട് ആവശ്യപ്പെട്ടു. വികാരി ഫാ.വിജു ഏലിയാസ്, ഫാ.ഏലിയാസ് ജോൺ മണ്ണാത്തിക്കുളം, ജോർജ് മംഗലശ്ശേരിൽ എന്നിവർ പ്രസംഗിച്ചു.

# കാര്യമ്പാടി കണ്ണാശുപത്രിയുടെ ഗിവ് സൈറ്റ് പ്രോജക്റ്റ്

**എം.ഒ.എസ്.സി. എം.എം. ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ., വയനാട്, കേരള–673 591, ഫോൺ : 04936–247274, 9446733201**

1986 ജനുവരി 17ന് ആണ് കാര്യമ്പാടിയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ വകയായി കണ്ണാശുപത്രി ആരംഭിക്കുന്നത്. പ.കാതോലിക്കാ ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായുള്ള ഗവേണിംഗ് ബോർഡിന്റെ നിയന്ത്രണത്തിലാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷാഭേദമില്ലാതെ ചികിത്സിക്കാൻ മാർഗ്ഗമില്ലാത്ത സാധുക്കളായ എല്ലാ നേത്രരോഗികൾക്കും സൗജന്യമായി ഇവിടെ ചികിത്സ നൽകിവരുന്നു. സാമ്പത്തികശേഷിയുള്ളവരിൽനിന്നാണെങ്കിലും മിതമായ ഫീസു മാത്രമേ വാങ്ങാറുള്ളു. വയനാട് ഒരു ട്രൈബൽ ജില്ലയാണ്. അതുകൊണ്ട് സൗജന്യചികിത്സ അർഹിക്കുന്ന അനേകരുണ്ട്.

ഈ കാരണത്താൽ സുമനസ്സുകളുടെ സഹകരണത്തോടെ കൂടുതലായി സൗജന്യ ചികിത്സ നടത്തുകയെന്ന ലക്ഷ്യത്തോടെ 1993–ൽ ഗിവ് സൈറ്റ് പ്രോജക്റ്റിന് ഇവിടെ തുടക്കം കുറിച്ചു. 2011 മാർച്ച് 31 വരെയുള്ള കണക്കുപ്രകാരം 158,49120 രൂപയുടെ സൗജന്യ ചികിത്സ അർഹതപ്പെട്ടവർക്ക് നൽകാൻ സാധിച്ചു. തുന്നലില്ലാത്ത ആധുനിക താക്കോൽദ്വാര ശസ്ത്രക്രിയ വഴി ഇൻട്രാ ഒക്കുലർ ലെൻസ് കണ്ണിനുള്ളിൽ വെച്ച് കാഴ്ച നൽകുന്നതിന് 30000 രൂപ വരെ പല സ്ഥാപനങ്ങളും ചാർജ്ജ് വാങ്ങാറുണ്ട്. എന്നാൽ പാവപ്പെട്ടവർക്ക് അത് വഹിക്കുവാനുള്ള സാമ്പത്തികശേഷിയില്ലാത്തതിനാൽ അവർ അന്ധരായി തന്നെ ജീവിക്കേണ്ടിവരുന്നു. ഈ ദുസ്ഥിതിക്ക് ഒരു പരിധിവരെ പരിഹാരമാണ് ഗിവ് സൈറ്റ് പ്രോജക്റ്റ്.

ഗിവ് സൈറ്റ് പ്രോജക്റ്റ് മുഖേന ഇതിനകം 5144 താക്കോൽദ്വാര ശസ്ത്രക്രിയ സൗജന്യമായി നടത്തി സാധുക്കളായ അന്ധരെ കാഴ്ചയുള്ളവരാക്കിയിട്ടുണ്ട്. കൂടാതെ മറ്റു വിവിധ ശസ്ത്രക്രിയ വഴി 4268പേർക്ക് കാഴ്ച വൈകല്യം സൗജന്യമായി പരിഹരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും മഹത്തായ സേവനം നൽകുന്ന ഈ സ്ഥാപനത്തിന് അർഹിക്കുന്ന അംഗീകാരംപോലും പലപ്പോഴും ലഭിക്കാറില്ല. കൊട്ടും കുരവയും ഫ്ളക്സും ചുമരെഴുത്തും ഒന്നും ഇല്ലാത്തതായിരിക്കാം കാരണം.

നിങ്ങളുടെ ജന്മദിനം, മാമോദീസാദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം, ആദ്യശമ്പളദിനം തുടങ്ങിയ വിശേഷ അവസരങ്ങളിൽ പാവപ്പെട്ട ഒരന്ധനെങ്കിലും കാഴ്ച നൽകാൻ സാധിച്ചാൽ കർത്താവിന് ഏറെ പ്രസാദകരമായിരിക്കും. 2000 രൂപ ഗിവ് സൈറ്റിലേക്ക് അയച്ചുതന്നാൽ ഞങ്ങൾ നിങ്ങളുടെ പേരിൽ ഒരന്ധന് കാഴ്ച നൽകി വിവരം നിങ്ങളെ അറിയിക്കും. ശസ്ത്രക്രിയക്കു വരുന്ന അധികചിലവുകൾ ഞങ്ങൾ വഹിക്കുന്നതാണ്. കാഴ്ചയില്ലാത്തവർക്ക് കാഴ്ച നൽകുന്ന ഈ പദ്ധതിയിൽ പങ്കാളിയാകാൻ നിങ്ങളേയും ക്ഷണിക്കുന്നു. സംഭാവന നൽകുന്നവർക്ക് 80 ജി ഇളവിന് അർഹതയുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് 9446733201 നമ്പരിൽ ബന്ധപ്പെടുക. നിങ്ങളുടെ സംഭാവനകൾ ക്രോസ് ചെയ്ത ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ 0827101010768 നമ്പർ അക്കൗണ്ടിലേക്ക് ബാങ്ക് മുഖേന നേരിട്ട് അയച്ചുതരികയോ ചെയ്യാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേനയാണെങ്കിൽ അയച്ചാൽ ഉടനെ ഈ വിവരം അറിയിക്കുന്നത് കൃത്യമായി രസീത് നൽകാൻ സഹായിക്കും.

ചെക്കിലും ഡി.ഡി.യിലും Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് ചേർക്കാൻ മറക്കരുത്.

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ, സെക്രട്ടറി, ഗവേണിംഗ് ബോർഡ്**

Vol. 18 Issue 23
October 1-15

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/ 163/2012-2014
Rs.2
LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 30/2012-14

## ചിരിവര ———— ജോയി കുളനട




## ഹർത്താൽ ദിനത്തിൽ പ.കാതോലിക്കാ ബാവായുടെ യാത്ര ട്രെയിനിൽ

തിരുവല്ല : കാതോലിക്കേറ്റ് ശതാബ്ദി ദിനമായിരുന്ന സെപ്റ്റംബർ 15 കേരളത്തിൽ ഹർത്താലായിരുന്നതിനാൽ പ.കാതോലിക്കാ ബാവാ യാത്ര ട്രെയിനിലാക്കി. അന്നുരാവിലെ നിരണം വലിയപള്ളിയിൽ കാതോലിക്കേറ്റ് ശതാബ്ദിയുടെ ഭാഗമായി നടന്ന വി.കുർബ്ബാനയ്ക്കും മറ്റ് ആഘോഷങ്ങൾക്കും ശേഷം പ.കാതോലിക്കാ ബാവാ ട്രെയിനിൽ യാത്രചെയ്ത് തൃശൂരിലെത്തി കുന്നംകുളത്തേക്കു പോയി. സന്ധ്യയോടെ ഹർത്താൽ അവസാനിച്ചതിനാൽ പ.ബാവായുടെ കോട്ടയത്തേക്കുള്ള മടക്കയാത്ര കാറിലായിരുന്നു.

നൂറുവർഷങ്ങൾക്കു മുമ്പ് കാതോലിക്കേറ്റ് സ്ഥാപനകാലഘട്ടത്തിൽ പിതാക്കന്മാർ ട്രെയിനിൽ യാത്രചെയ്യുന്നതിനെ അനുസ്മരിപ്പിക്കുന്നതായിരുന്നു പ.കാതോലിക്കാ ബാവായുടെ ട്രെയിൻയാത്ര

## ധ്യാനവും മദ്ധ്യസ്ഥപ്രാർത്ഥനയും

കുണ്ടറ : കൊല്ലം ഭദ്രാസന പ്രാർത്ഥനായോഗത്തിന്റെ 2012-ലെ ഒന്നാമത് ഏകദിന ധ്യാനവും മദ്ധ്യസ്ഥപ്രാർത്ഥനയും സെപ്റ്റംബർ 7-ാം തീയതി വെള്ളിയാഴ്ച നെടുമ്പായിക്കുളം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽവെച്ച് നടന്നു. സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ അനുഗ്രഹപ്രഭാഷണം നടത്തി. ഫാ.സജീവ് കെ.വർഗീസ് അദ്ധ്യക്ഷത വഹിച്ചു. ഫാ.ഏബ്രഹാം വർഗ്ഗീസ് സ്വാഗതപ്രസംഗം നടത്തി. ഫാ.ജേക്കബ് കോശി പുത്തൂർ ധ്യാനത്തിനും ഫാ.ഏബ്രഹാം ജെപണിക്കർ മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കും നേതൃത്വം നൽകി.

## ഉപവാസധ്യാനവും കാതോലിക്കേറ്റ് ശതാബ്ദിസമ്മേളനവും

ചെങ്ങന്നൂർ : ചെങ്ങന്നൂർ ഭദ്രാസന സുവിശേഷ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഭദ്രാസന ധ്യാനവും കാതോലിക്കേറ്റ് ശതാബ്ദി സമ്മേളനവും ചെങ്ങന്നൂർ ബഥേൽ മാർ ഗ്രിഗോറിയോസ് അരമനപ്പള്ളിയിൽവെച്ച് ഒക്ടോബർ 5ന് നടത്തപ്പെടുന്നു. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ സമ്മേളനത്തിന് അദ്ധ്യക്ഷത വഹിക്കും. ധ്യാനവും കാതോലിക്കേറ്റ് ശതാബ്ദി പ്രഭാഷണവും ഫാ.ഡോ.എം.ഒ.ജോൺ നടത്തും. ഫാ.വിൽസൺ ശങ്കരത്തിൽ മദ്ധ്യസ്ഥപ്രാർത്ഥന നയിക്കും. ഫാ.രാജൻ വർഗീസ് സ്വാഗവും ഫാ,.തോമസ് വർഗീസ് അമയിൽ ആശംസയും അർപ്പിക്കും.

## കാർഷിക അവാർഡ് – 2012

ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളായ കർഷകരിൽനിന്നും മികച്ച കർഷകന് അവാർഡ് നൽകുന്നു. സ്വന്തമായോ പാട്ടത്തിനോ കൃഷിഭൂമിയിൽ കൃഷിചെയ്യുന്നവർക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ തങ്ങളുടെ കൃഷിയിടത്തെപ്പറ്റിയുള്ള വിശദമായ വിവരങ്ങളടങ്ങിയ അപേക്ഷ 2012 ഒക്ടോബർ 31ന് മുമ്പായി സർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ ജലസേചന രീതി, വളപ്രയോഗം, ഉൽപാദനക്ഷമത, തൊഴിലാളികളുടെ പങ്കാളിത്തം, നൂതന സാങ്കേതികവിദ്യയുടെ ഉപയോഗം, വാർഷികആദായം തുടങ്ങിയവ ഉൾപ്പെടുത്തേണ്ടതാണ്. അപേക്ഷകൾ, കൃഷിയിടത്തിന്റെ ഫോട്ടോ, ഇടവകവികാരിയുടെ സാക്ഷ്യപത്രം തുടങ്ങിയവ സഹിതം താഴെകാണുന്ന വിലാസത്തിൽ അയക്കുക. സെക്രട്ടറി, സെന്റ് തോമസ് ഒ.സി.വൈ.എം. ദുബായ്, പി.ഒ.ബോക്സ് 2563, ദുബായ്, E-mail : ocymdubai@gmail.com, Mob. 00971504585291, 00971554434847, Website : www.stthomasocymdubai.org

## ആസ്ഥാനമന്ദിരകൂദാശയും കാതോലിക്കേറ്റ് ശതാബ്ദി സമ്മേളനവും

കോലഞ്ചേരി : കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ പുതിയ ആസ്ഥാന മന്ദിരമായ പ്രസാദം സെന്ററിന്റെ കൂദാശയും ഉദ്ഘാടനവും കാതോലിക്കേറ്റ് ശതാബ്ദിയുടെ ഭദ്രാസനതല സമ്മേളനവും സെപ്റ്റംബർ 30ന് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് കാതോലിക്കേറ്റ് സെന്ററിലെ മാർ ബസ്സേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവാ നഗറിൽവെച്ച് നടക്കും. പ.ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ തോമസ് മാർ അത്താനാസിയോസ്, കുറിയാക്കോസ് മാർ ക്ലിമ്മീസ്, ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, യൂഹാനോൻ മാർ പോളീകാർപ്പോസ്, ഡോ.ജോഷ്വാ മാർ നിക്കോദിമോസ്, ഡോ.സഖറിയാ മാർ അപ്രേം, ഡോ.ഗീവർഗീസ് മാർ യൂലിയോസ് തുടങ്ങിയവർ സംബന്ധിക്കും.

## പാമ്പാക്കുട ചെറിയപള്ളിയിൽ ശതാബ്ദി ആഘോഷം

പിറവം : 1912-ൽ കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട പ.ബസ്സേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവാ അന്ത്യവിശ്രമംകൊള്ളുന്ന പാമ്പാക്കുട സെന്റ് തോമസ് ചെറിയപള്ളിയിൽ സെപ്റ്റംബർ 15ന് കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ സേവേറിയോസ് വി.കുർബ്ബാന അർപ്പിച്ചു. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന്റെയും സ്വയംശീർഷകത്വത്തിന്റെയും പ്രതീകമാണ് 1912-ൽ സ്ഥാപിതമായ കാതോലിക്കേറ്റെന്ന് സേവേറിയോസ് മെത്രാപ്പോലീത്താ അഭിപ്രായപ്പെട്ടു. കാതോലിക്കേറ്റ് ശതാബ്ദി ആഘോഷവേളയിൽ മലങ്കരസഭയുടെ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും ഉയർത്തിപ്പിടിക്കുവാൻ സാധിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

## 89–ാം ശ്രാദ്ധപ്പെരുന്നാൾ

ഗോവ : അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ 89-ാം ഓർമ്മപ്പെരുന്നാൾ സെപ്റ്റംബർ 16 മുതൽ 23 വരെ പഞ്ചിം റിബന്തർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ആചരിച്ചു. പെരുന്നാൾ ചടങ്ങുകൾക്ക് ഗീവർഗീസ് മാർ കൂറിലോസ്, യൂഹാനോൻ മാർ ദിമത്രെയോസ്, യാക്കോബ് മാർ ഏലിയാസ്, ഫാ.വർഗീസ് വർഗീസ് തുടങ്ങിയവർ നേതൃത്വം നൽകി.






Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor